പന്ത്രണ്ടാം കേരള നിയമസഭ

<u>പതിനൊന്നാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 361</u> — 09-07-2009 ൽ മറുപടിക്ക്

## സ്കൂൾ കുട്ടികളുടെ മാനസികവും ശാരീരികവുമായ ആരോഗ്യ പരിരക്ഷ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. രാജു :<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :<br>ശ്രീ. വി. എസ്. സുനിൽ കുമാർ :<br>ശ്രീ. കെ. അജിത് :<br>ശ്രീ. എ. കെ. ചന്ദ്രൻ : | ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) സ്കൂൾ കുട്ടികളുടെ മാനസികവും ശാരീരികവുമായ ആരോഗ്യ പരിരക്ഷ ലക്ഷ്യമിട്ട് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് ; | എ) സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള ആരോഗ്യ പരിപാടികളുടെ ഭാഗമായി സ്കൂളുകളിലെ ഹെൽത്ത് ചെക്കപ്പ്, നേത്ര പരിശോധന, ദന്തപരിശോധന തുടങ്ങിയവയും സ്കൂൾ കുട്ടികൾക്കുള്ള ഡി.റ്റി, റ്റി.റ്റി പ്രതിരോധ കുത്തിവയ്പ്പുകൾ നൽകലും മറ്റ് ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളും, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടേയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടേയും നേതൃത്വത്തിൽ നടന്നു വരുന്നു. ജൂൺ, ജൂലൈ മാസങ്ങളിൽ മഴക്കാല രോഗ നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രത്യേക ബോധവൽക്കരണ ക്ലാസ്സുകൾ, സ്കൂൾ അസംബ്ലിയിൽ സന്ദേശങ്ങൾ വായിക്കൽ, പ്രതിജ്ഞയെടുക്കൽ തുടങ്ങിയവയും നടന്ന് വരുന്നുണ്ട്. കൂടാതെ എൻ.ആർ.എച്ച്.എം ന്റെ കീഴിൽ വിദ്യാലയ ആരോഗ്യ പരിപാടിയും നടപ്പിലാക്കി വരുന്നു. |
| ബി) മൈനസ് ടു-പ്ലസ്ടു എന്ന പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ; ഈ പദ്ധതിയുടെ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ ? | ബി) നടപ്പിലാക്കുന്നുണ്ട്.<br><br>പ്രസ്തുത പദ്ധതി പ്രീ-പ്രൈമറി മുതൽ ഹയർ സെക്കൻഡറി തലം വരെയുള്ള വിദ്യാർത്ഥികളെ ഉദ്ദേശിച്ചുകൊണ്ട് തയ്യാറാക്കിയിരിക്കുന്നു. സംസ്ഥാനത്തൊട്ടാകെ 985 ഗവൺമെന്റ് / എയിഡഡ് വിദ്യാലയങ്ങളിൽ വിദ്യാലയ ആരോഗ്യ പരിപാടി ഈ വർഷം നടപ്പിലാക്കുന്നുണ്ട്. പത്തുലക്ഷത്തോളം വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾക്ക് ഇതുകൊണ്ടുള്ള പ്രയോജനം ലഭ്യമാകുന്നതാണ്. സംസ്ഥാനത്തെ ആരോഗ്യരക്ഷാ രംഗത്തെ സുപ്രധാനമായ ഒരു സംരംഭമാണ് ആരോഗ്യരേഖ. പദ്ധതിയുടെ പ്രധാന ലക്ഷ്യം ഓരോ വിദ്യാർത്ഥി/ വിദ്യാർത്ഥിനിയ്ക്കും സമഗ്ര ആരോഗ്യ വിവരങ്ങൾ അടങ്ങിയ സ്കൂൾ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് ആരോഗ്യരേഖ നൽകുക എന്നതാണ്. ഇത് ജെ. പി. എച്ച്. എൻ. മാർ |

..2

അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടേയും സഹായത്തോടെ ഡിവിഷൻ തലത്തിൽ പൂരിപ്പിച്ച് സ്കൂളിൽ സൂക്ഷിക്കുന്നതാണ്. ഇതിൽ കുട്ടിയുടെ പൊതുവിവരങ്ങളും ആരോഗ്യ സംബന്ധമായ അടിസ്ഥാനവിവരങ്ങളും കുടുംബാംഗങ്ങളുടെ ആരോഗ്യ - രോഗ വിവരങ്ങളും കായികക്ഷമതയും സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്തിയിരിക്കും. കുട്ടികളുടെ ആരോഗ്യസംബന്ധമായ ആധികാരികവും സമഗ്രവുമായ ഒരു രേഖയാണിത്. ആരോഗ്യ, വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ, കായിക യുവജനക്ഷേമ വകുപ്പുകൾ സംയുക്തമായാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി അദ്ധ്യായന വർഷത്തിൽ ഒരു സ്ക്രീനിംഗ് ക്യാമ്പും ഒരു സ്പെഷ്യൽ മെഡിക്കൽ ക്യാമ്പും സംഘടിപ്പിക്കുന്നതാണ്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥി/ വിദ്യാർത്ഥിനികളുടെയും (-2 മുതൽ +2) ശാരീരികവും മാനസികവുമായ ആരോഗ്യസ്ഥിതി പരിശോധിച്ച് വിശദാംശങ്ങൾ രേഖപ്പെടുത്തി സമഗ്രമായ ഒരു ഹെൽത്ത് റെക്കോർഡാക്കി (TC and Health Record)സ്കൂളിൽ സൂക്ഷിക്കുകയും കൂടുതൽ പരിശോധന ആവശ്യമായ കുട്ടികളെ വിവിധ ആരോഗ്യ സ്ഥാപനങ്ങൾ വഴി മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഒരുക്കുകയും ചെയ്യുകയുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *362

09-07-2009-ൽ മറുപടിക്ക്

## കെൽട്രോണിന്റെ പുനരുദ്ധാരണവും വികസനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.സി.മൊയ്തീൻ :<br>" ആനത്തലവട്ടം ആനന്ദൻ:<br>" പി. ജയരാജൻ:<br>" സി.കെ. പി. പത്മനാഭൻ :<br>" വി. ശിവൻ കുട്ടി : | ശ്രീ. എളമരം കരീം<br>(വ്യവസായവകുപ്പുമന്ത്രി ) |
| (എ) കെൽട്രോണിന്റെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി ആവിഷ്കരിച്ച പദ്ധതികൾ വ്യക്തമാക്കുമോ ; | (എ) കെൽട്രോണിന്റെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ സ്ഥാപനങ്ങളുമായി കെൽട്രോണിനുള്ള കുടിശ്ശിക, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം നടപ്പാക്കുന്നതിനായി 57.85 കോടി രൂപയും, സബ്സിഡിയറി കമ്പനികളുടെ പുനരുദ്ധാരണത്തിനായി 4 കോടി രൂപയും നൽകി . കെൽട്രോണിൽ വി.ആർ.എസ്. നടപ്പാക്കാനായി KIRF Board- ൽ നിന്നും വായ്പയെടുത്ത തുകയുടെ പലിശയായ 8.70 കോടി രൂപ സർക്കാർ ഉപേക്ഷിച്ചു. സർക്കാർ വായ്പയുടെ പലിശ 1-04-2006 മുതൽ 5 വർഷത്തേയ്ക്ക് മരവിപ്പിച്ചു. കൂടാതെ 11.80 കോടി രൂപ share money pending allotment ആക്കി മാറ്റുകയും ചെയ്തു. 'വിഷൻ പ്ലാൻ ' തയ്യാറാക്കാൻ ഒരു കൺസൽട്ടൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട് |
| (ബി) കെൽട്രോൺ ഇപ്പോൾ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ ഏതെല്ലാമാണ്; | (ബി) കെൽട്രോൺ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു.<br>(i) Pneumatic Products<br>(ii) System spares for Control Instrumentation<br>(iii) Sonaar Array<br>(iv) Personal Computer |

(v) Equipment for Physically handicapped
(vi) PCB Assembly for Electronic Energy Meter
(vii) Traffic Signal Products
(viii) Products for ISRO, DRDO
(ix) Pressure Transducers
(x) IDCU Surveillance Security Systems
(xi) Defence Products
(xii) PBGM, EM Log & RTU, XBT Probe
(xiii) Echo Sounder, UWT
(xiv) UPS, Charger
(xv) Voters Identity Cards
(xvi) Ration Card, Disability Cards
(xvii) Identity Card for Norka

(സി) കെൽട്രോണിന് ഇപ്പോൾ എത്ര കോടി രൂപയുടെ ഓർഡറുകൾ ലഭിച്ചിട്ടുണ്ട് ;

(സി) 2009-10 സാമ്പത്തിക വർഷത്തിൽ കെൽട്രോണിന് ഇതുവരെ 78.47 കോടി രൂപയുടെ ഓർഡർ ലഭിച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ 'ബെൽ' കെൽട്രോണിനെ അവരുടെ പങ്കാളികളായി തെരഞ്ഞെടുത്തതുമൂലം കൈവരിക്കാൻ കഴിയുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് ;

(ഡി) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബെൽ അവരുടെ പങ്കാളികളായി കെൽട്രോണിനെ തെരഞ്ഞെടുത്തതുമൂലം കെൽട്രോണിന് കൂടുതൽ ഓർഡറുകൾ ലഭിക്കുകയും പ്രതിരോധരംഗത്തെ ഗവേഷണ സ്ഥാപനമായ കൊച്ചിയിലെ NPOL -ന് വേണ്ടി ബെൽ നിർമ്മിച്ചു നൽകുന്ന Sonar systems ഉൾപ്പെടെ പല പ്രതിരോധ ഉപകരണങ്ങളുടെയും Outsourcing Agency ആയി നിന്ന് കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും കഴിയും.

(ഇ) പ്രതിരോധ ഉൽപ്പന്നങ്ങളുടെ ഓർഡർ നേടാൻ കെൽട്രോണിന് കഴിയുന്നുണ്ടോ; കഴിഞ്ഞ രണ്ടുവർഷ കാലയളവിൽ പ്രതിരോധ വകുപ്പിൽ നിന്നും എത്ര കോടി രൂപയുടെ ഓർഡർ കിട്ടി എന്നു വെളിപ്പെടുത്തുമോ ?

(ഇ) ഉണ്ട്. കഴിഞ്ഞ രണ്ടുവർഷ കാലയളവിൽ പ്രതിരോധ വകുപ്പിൽ നിന്നും 35.40 കോടി രൂപയുടെ ഓർഡർ ലഭിച്ചിട്ടുണ്ട്..

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.363 — 9.7.2009ൽ മറുപടിയ്ക്ക്.

## മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണ നിയമം

ചോദ്യം

ശ്രീ.എം.കെ.പ്രേംനാഥ്:

ശ്രീ.കെ.പി.മോഹനൻ:

ഉത്തരം

ശ്രീമതി.പി.കെ.ശ്രീമതിടീച്ചർ

(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണ നിയമം കേരളത്തിൽ അംഗീകരിച്ചതെപ്പോഴാണെന്ന് വെളിപ്പെടുത്തുമോ; | (എ) | 24. 9.2008 ലെ ജി.ഒ(പി)154/2008/സാക്ഷേവ ഉത്തരവ് പ്രകാരം പ്രസ്തുത നിയമം 2008 സെപ്റ്റംബർ 24 മുതൽ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയമം നടപ്പിലാക്കാൻ കാലതാമസം വരുന്നതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനായി കേരളാ മെയിൻറനൻസ് ഓഫ് പേരൻറ്സ് ആൻറ് സീനിയർ സിറ്റിസൺസ് റൂൾസ്-2009 അംഗീകരിക്കേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. കൂടാതെ നിയമത്തിൽ നിഷ്ക്കർഷിച്ച പ്രകാരമുള്ള മെയിൻറനൻസ് ഓഫീസർമാർ, മെയിൻറനൻസ് ട്രിബ്യൂണൽ, അപ്പലേററ് ട്രിബ്യൂണൽ എന്നിവരെ നിയമിക്കുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്. |
| (സി) | ഈ നിയമം സംസ്ഥാനത്ത് എപ്പോൾ പ്രാബല്യത്തിൽ വരുത്തുമെന്ന് വ്യക്തമാക്കുമോ? | (സി) | ഈ നിയമം 24.9.2008 മുതൽ സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. |

R-Vijayal

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 364 | 09-07-2009 ൽ മറുപടിക്ക്

### ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിൻ കീഴിലുള്ള ഓഡിറ്റിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :<br>ശ്രീ. പി. കെ. അബ്ദുറബ്ബ് : | ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിൻ (എൻ.ആർ.എച്ച്.എം) കീഴിലുള്ള ഫണ്ടിന്റെ വിനിയോഗത്തിന്മേൽ ഏതെല്ലാം തരത്തിലുള്ള ഓഡിറ്റിംഗ് സംവിധാനമാണ് നിലവിലുള്ളത് ; | എ) 1) സി.എ.ജി. ഓഡിറ്റ്<br>2) പെർഫോമൻസ് ഓഡിറ്റ്<br>3) സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്<br>4) കൺകറന്റ് ഓഡിറ്റ് എന്നീ ഓഡിറ്റ് സംവിധാനങ്ങളാണ് നിലവിലുള്ളത്. |
| ബി) ഈ ഫണ്ട് ലഭിച്ച് തുടങ്ങിയതിനുശേഷം ഏതെല്ലാം സാമ്പത്തിക വർഷത്തെ ഓഡിറ്റിംഗ് പൂർത്തിയാക്കിയിട്ടുണ്ട് ; ഇവയിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ ? | ബി) 2005-06, 2006-07, 2007-08 എന്നീ സാമ്പത്തിക വർഷത്തെ സി.എ.ജി. ഓഡിറ്റ്, 2005-08 വരെയുള്ള പെർഫോമൻസ് ഓഡിറ്റ്, 2005-06, 2006-07, 2007-08 എന്നീ സാമ്പത്തിക വർഷങ്ങളിലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്, 2008-09 സാമ്പത്തിക വർഷത്തെ കൺകറന്റ് ഓഡിറ്റ് എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 365

9-7-2009-ൽ മറുപടിക്ക്

## പുനരുദ്ധരിച്ച വ്യവസായ സ്ഥാപനങ്ങൾ

ചോദ്യം

ശ്രീ.കെ.ബാബു
ശ്രീ.എം.മുരളി
ശ്രീ.ജി.കാർത്തികേയൻ

(എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ ഏതിനെല്ലാം മുൻ സർക്കാരിന്റെ കാലത്ത് ചൗധരി കമ്മിറ്റിയുടെ ശുപാർശ പ്രകാരം പുനരുദ്ധാരണം നടത്തിയിരുന്നു;

ഉത്തരം

ശ്രീ.എളമരം കരീം
(വ്യവസായ വകുപ്പ് മന്ത്രി)

(എ) മുൻ സർക്കരിന്റെ കാലത്ത് Shri R.C.Choudhury അധ്യക്ഷനായ Enterprise Reforms Committee (ERC)-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 30 സ്ഥാപനങ്ങളിന്മേലാണ് പുനരുദ്ധാരണത്തിന് സർക്കാർ തീരുമാനം പുറപ്പെടുവിച്ചിരുന്നത്.

1. പൊതുമേഖലയിൽ തന്നെ നിലനിർത്തി പുനരുദ്ധരിക്കുന്നതിനായി മുൻ സർക്കാർ തീരുമാനിച്ച സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

| No | PSUs |
|---|---|
| 1 | Kerala Electrical & Allied Engg Co. |
| 2 | Kerala State Drugs & Pharmaceuticals |
| 3 | Kerala State Textile Corpn |
| 4 | Sitaram Textiles |
| 5 | Kerala Ceramics |
| 6 | Transformers & Electricals Kerala Ltd |
| 7 | United Electrical Industries |
| 8 | Travancore Sugars & Chemicals |
| 9 | Steel Industrials Kerala Ltd |

എന്നാൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ ലാഭകരമായി നടത്തുവാൻ സാധിക്കാത്ത ഉൽപ്പാദന യൂണിറ്റുകൾ നിർത്തലാക്കുവാനും, സ്വകാര്യ നിക്ഷേപകരെ കണ്ടെത്തുന്നതിനും തീരുമാനിച്ചിരുന്നു.

— —

[redacted] ജീവനക്കാർക്ക് സ്വയം വിരമിക്കൽ [redacted] പദ്ധതി [redacted] നടപ്പിലാക്കി.

2. ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളെ ജീവനക്കാരുടെ സൊസൈറ്റി രൂപീകരിച്ച് നടത്തിപ്പ് ചുമതല കൈമാറുന്നതിനും അല്ലാത്തപക്ഷം ജീവനക്കാരെയെല്ലാം സ്വയം വിരമിക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തനം നിർത്തലാക്കുവാനും തീരുമാനിച്ചിരുന്നു.

| No | PSUs |
|---|---|
| 1 | Scooters Kerala Ltd<br>(No Takers and hence closed down) |
| 2 | Metropolitan Engg Co.<br>(No Takers and hence closed down) |
| 3 | Kerala Garments<br>(No Takers) |

ജീവനക്കാരുടെ സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനം ഏറ്റെടുക്കുവാൻ തയ്യാറാകാത്തതിനാൽ Scooters Kerala Ltd, Metropolitan Engg Co. എന്നീ സ്ഥാപനങ്ങളിൽ എല്ലാ ജീവനക്കാർക്കും VRS നൽകി പ്രവർത്തനം നിർത്തുകയാണുണ്ടായത്. Kerala Garments Ltd-ലും സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനം ഏറ്റെടുക്കുവാൻ ജീവനക്കാർ തയ്യാറായില്ല.

Enterprise Reforms Committee യുടെ ശുപാർശപ്രകാരമുള്ള സർക്കാർ ഉത്തരവു പ്രകാരം പ്രവർത്തനം നിർത്തലാക്കിയ മറ്റ് സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

| No | PSUs |
|---|---|
| 1 | Kerala Soaps & Oils |
| 2 | Kerala Construction Components |
| | |
| | |

3. താഴെ പറയുന്ന സ്ഥാപനങ്ങളെ സഹകരണ മേഖലയിൽതന്നെ നിലനിർത്തുവാൻ തീരുമാനിക്കുകയും, സ്പിന്നിംഗ് മില്ലുകളെ TEXFED ന്റെ അധീനതയിൽ കൊണ്ടുവരുന്നതിനായി തീരുമാനിക്കുകയും ചെയ്തിരുന്നു. CHICOPS ൽ ജീവനക്കാർക്ക് സ്വയം വിരമിക്കൽ പദ്ധതി നടപ്പിലാക്കി.

| No. | PSUs |
|---|---|
| 1. | Quilon Co- OP . Spinning MIlls |
| 2. | Cannanore Co- OP . Spinning MIlls |
| 3. | Thrissur Co- OP . Spinning MIlls |
| 4. | Malappuram Co- OP . Spinning MIlls |
| 5. | The Co-Operative Sugars Ltd. Chittur. |

4. സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചിരുന്ന സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

1. Astral Watches
2. Keltron Counters
3. Kerala State Detergents and Chemicals
4. Kerala State Salicylates and Chemicals
5. Travancore Plywood Industries
6. Autokast
7. Keltron Component Complex
8. Steel Complex
9. Forest Industries (Travancore) Ltd.

ഇത് നടപ്പിലാക്കുവാൻ സാധിച്ചില്ല.

(ബി) തുടർന്ന് അവ ലാഭത്തിലെത്തിയോ; ഈ സർക്കാറിന്റെ കാലത്ത് ഏതിനെല്ലാം പുനരുദ്ധാരണം നടത്തിയിരുന്നു;

(ബി) ചൗധരി കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കിയ സ്ഥാപനങ്ങളിൽ ടെൽക്ക് ഒഴികെ ഒരു സ്ഥാപനവും ആ കാലഘട്ടത്തിൽ ലാഭമുണ്ടാക്കിയിട്ടില്ല. ടെൽക്ക് ചൗധരികമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കുന്നതിന് മുമ്പും ലാഭത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്.

ഈ സർക്കാരിന്റെ കാലത്ത് മുഖ്യമായും പുനരുദ്ധാരണം നടത്തിയ സ്ഥാപനങ്ങൾ താഴെപറയുന്നവയാണ്.

1. KSDP
2. Traco Cables Ltd.
3. United Electricals Ltd.
4. Keltron Components Complex Ltd.
5. Keltron Crystals Ltd.
6. Keltron Electro Cyramics Ltd.
7. Keltron Magnetics Ltd.
8. Keltron Resistors Ltd.
9. KSIDC
10. Autokast Ltd.
11. Steel Complex Ltd.
12. SILK
13. Kerala Bamboo Corporation Ltd.
14. Trivandrum Spinning MIlls
15. Malabar Spinning and weavings Mills Ltd.
16. KEL
17. Kerala Ceramics
18. Travancore Cements Ltd.
19. Kerala Clays and Ceramics Products Ltd.
20. Kelpam

ഇവ കൂടാതെ പ്രവർത്തന മൂലധനം നൽകിയും ബാങ്കുകളുടെ ബാധ്യത ഒറ്റത്തവണ തീർപ്പാക്കൽ നടത്തിയും മറ്റ് സ്ഥാപനങ്ങളെ സർക്കാർ സഹായിച്ചിട്ടുണ്ട്.

കഴിഞ്ഞ മൂന്നു വർഷ കാലയളവിൽ സംസ്ഥാന ബഡ്ജറ്റിൽ നിന്നും വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കായി നവീകരണ പ്രവർത്തനമുൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി നൽകിയ ധന സ ഹായത്തിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

(Rs. in Crores)

| | 2006-07 | 2007-08 | 2008-09 | Total |
|---|---|---|---|---|
| 1. One Time Settlement With Banks/Fis | 11.18 | 28 39 | 20.88 | 60.45 |
| 2. Settlement of balance VRS/SSNP dues in PSUs | 14.30 | 9.59 | 5.91 | 29.79 |
| 3. Modernisation/ Revival/ restructuring | 12.73 | 5.93 | 24.53 | 43 19 |
| 4. Working capital/ holding on operations | 14.80 | 4.62 | 8.12 | 27.54 |
| **TOTAL** | 53.00 | 48.54 | 59.44 | 160.98 |

*Note:- 2008-09 വർഷം* Travancore Titanium Products Ltd-*ന് നൽകിയ 10 കോടിരൂപയിൽ 3 കോടിരൂപ Contingency fund-ൽ നിന്നുമാണ് നൽകിയത്.*

2009-10 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട് [for the Rejuvenation and Revival of viable PSUs]. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനും, വിപുലീകരണത്തിനും, KIRFB Bonds-ന്റെ തിരിച്ചടവിനായും KFC-ൽ നിന്നും soft loan അനുവദിക്കുന്നതിനും സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(സി) അതിനുവേണ്ടി എത്ര തുക ചെലവഴിച്ചു; പൊതുമേഖലാസ്ഥാപനങ്ങളിൽ എത്ര സ്പിന്നിംഗ് മില്ലുകളും വസ്ത്ര വ്യവസായ സ്ഥാപനങ്ങളും ഉണ്ട്; ഇവയെ ലാഭത്തിലാക്കാൻ എന്ത് നടപടി എടുത്തു;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ബഡ്ജറ്റിൽ നിന്നും വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കായി നവീകരണ പ്രവർത്തനമുൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി 2006-07 ൽ 53 കോടി രൂപയും 2007-08 ൽ 48.54 കോടി രൂപയും 2008-09 ൽ 59.44 കോടി രൂപയും ഉൾപ്പെടെ ആകെ 160.98 കോടി രൂപ നൽകിയിട്ടുണ്ട്.

2008-09 ൽ ടി.ടി.പി. ലിമിറ്റഡിന് നൽകിയ 10 കോടി രൂപയിൽ 3 കോടി രൂപ കണ്ടിജൻസി ഫണ്ടിൽനിന്നുമാണ് നൽകിയത്.

2009-10 ലെ ബഡ്ജറ്റിൽ ഈ ആവശ്യത്തിനായി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. (For the rejuvenation and revival of viable PSUs) കൂടാതെ KIRFB BONDS ന്റെ തിരിച്ചടവിനായി കെ.എഫ്.സി. യിൽ നിന്നും സോഫ്റ്റ് ലോൺ അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ കീഴിൽ സ്പിന്നിംഗ് മേഖലയിലും വസ്ത്ര വ്യവസായ മേഖലയിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

1. KSTC ltd.
2. Trivandrum Spinning Mills Ltd.
3. Sitaram Textiles Ltd.
4. Cannanore Co-op. Spinning Mills
5. Quilon Co-op. Spinning Mills
6. Malappuram Co-op. Spinning Mills
7. Thrissur Co-op. Spinning Mills
8. Alleppey Co-op. Spinning Mills
9. HANVEEV
10. Kerala Garments Ltd.
11. Hantex

ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ, സീതാറാം ടെക്സ്റ്റൈൽസ് എന്നീ സ്ഥാപനങ്ങളെ കെ.എസ്.ടി.സി. യുടെ യൂണിറ്റുകളാക്കി മാറ്റി. ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിലെ സൗകര്യങ്ങൾ ഉപയോഗിച്ച് ഓപ്പൺ എന്റ് സ്പിന്നിംഗ് മിൽ ആരംഭിക്കുവാൻ കെ.എസ്.ടി.സി.യെ ചുമതലപ്പെടുത്തി. കേരള ഗാർമെന്റ്സ് ലിമിറ്റഡിലെ ഉൽപ്പാദന സൗകര്യങ്ങൾ ഉപയോഗിക്കുവാൻ ഹാൻവീവിനെ ചുമതലപ്പെടുത്തി.

Kerala State Textile Corporation Ltd-ൽ 22.12 കോടിരൂപയുടെ പുനരുദ്ധാരണ പദ്ധതി സർക്കാർ സഹായത്തോടെ നടപ്പിലാക്കിവരുന്നു.

2009-10 സാമ്പത്തികവർഷം TEXFEDന്റെ അധീനതയിലുള്ള സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനായുള്ള 120 കോടിരൂപയുടെ NCDC സഹായത്തോടെയുള്ള പദ്ധതിയ്ക്കുള്ള സർക്കാർ വിഹിതമായി 3 കോടിരൂപ TEXFED ന് അനുവദിച്ചിട്ടുണ്ട്. Kerala State Textile Corporation-ന്റെ അധീനതയിലുള്ള സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനായുള്ള 25 കോടിരൂപയുടെ soft loan അനുവദിച്ചിട്ടുണ്ട്. കൂടാതെ 50 കോടിരൂപയുടെ പ്രവർത്തന മൂലധനസഹായം ലഭ്യമാക്കുന്നതിനുള്ള ഗ്യാരണ്ടി സർക്കാർ നൽകുന്നതാണ്.

ടെക്സ്റ്റൈൽ വ്യവസായം ലാഭകരമാക്കുന്നതിന്റെ ഭാഗമായി ആഴ്ചതോറും ടെക്സ്റ്റൈൽ മില്ലുകളുടെ പ്രവർത്തനാവലോകനം റിയാബ് മുഖേന മന്ത്രിതലത്തിൽ നടത്തിവരുന്നു. മില്ലുകളിൽ തൊഴിലാളികളുടെ absenteeism കുറയ്ക്കുന്നതിനായി ജനറൽ മാനേജർമാരെയും മാനേജിംഗ് ഡയറക്ടർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഇത് കൂടാതെ എല്ലാമില്ലുകൾക്കും ആവശ്യമായ പരുത്തി ലഭ്യമാക്കുന്നതിന് വേണ്ടി ഒരു Centralized Cotton Purchase Committee രൂപീകരിച്ചു. പരുത്തി സംഭരിക്കുന്നതിനുള്ള ധനസഹായത്തിനായി കെ.എഫ്.സി.യിൽ നിന്നും 14 കോടി രൂപ ലഭ്യമാക്കുവാനും സർക്കാരിൽനിന്ന് 7 കോടി രൂപയുടെ സഹായം അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (ഡി) ഇവ ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്? | (ഡി) അല്ല. |

സെക്ഷൻ ഓഫീസർ

<u>പന്ത്രണ്ടാം കേരള നിയമസഭ</u>
<u>പതിനൊന്നാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 366</u> <u>9.7.09-ൽ മറുപടിക്ക്</u>

' <u>ദിനേശ് ബീഡി സഹകരണസംഘത്തിന്റെ വൈവിധ്യവൽക്കരണം</u> '

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. കെ.വി.കുഞ്ഞിരാമൻ<br>ശ്രീ. സി.കെ.പി.പത്മനാഭൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീ. സി.എച്ച്.കുഞ്ഞമ്പു<br>ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ദിനേശ് ബീഡി സഹകരണ സംഘത്തിന്റെ വൈവിധ്യ വൽക്കരണത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ; | (എ) ദിനേശ് ബീഡി സഹകരണ സംഘത്തിന്റെ വൈവിധ്യ വൽക്കരണത്തിന്റെ ഭാഗമായി ഫുഡ്സ്, അംബ്രല്ല, ഐ.ടി ഓഡിറ്റോറിയം/സോഫ്റ്റ്വെയർ പാർക്ക്, ഗാർമെന്റ്സ് എന്നീ വിഭാഗങ്ങൾ ആരംഭിക്കുകയും, വിജയകരമായി തുടർന്നു പോകുകയും ചെയ്യുന്നു. ഗാർമെന്റ്സ് യൂണിറ്റിന്റെ അടുത്ത ഒരു യൂണിറ്റു കൂടി തുടങ്ങുന്നതിന് നടപടികൾ ഇതിനകം തുടങ്ങിക്കഴിഞ്ഞു. |
| (ബി) വൈവിധ്യവൽക്കരണ പദ്ധതി കൾക്കായി എന്തെല്ലാം സഹായങ്ങൾ നൽകി എന്നു വിശദമാക്കുമോ ; | (ബി) ദിനേശ് ബീഡി സഹകരണ സംഘത്തിന്റെ വൈവിധ്യവൽ ക്കരണത്തിനായി 2006-07 സാമ്പത്തിക വർഷത്തിൽ 4 കോടി രൂപയും, 2007-08 സാമ്പത്തിക വർഷത്തിൽ വൈവിധ്യവൽക്കരണ ത്തിനായി ആരംഭിച്ച യൂണിറ്റുകളെ ശക്തിപ്പെടുത്തുന്നതിനായി 30 ലക്ഷം രൂപയും, ദിനേശ് ബീഡി യൂണിറ്റിനെ ശക്തിപ്പെടുത്തു |

ന്നതിനായി 20 ലക്ഷം രൂപയും. 2008-09 സാമ്പത്തിക വർഷത്തിൽ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി കുടനിർമ്മാണ യൂണിറ്റിന്റെ വിപുലീകരണത്തിനായി 30 ലക്ഷം രൂപയും സർക്കാർ അനുവദിക്കുകയുണ്ടായി.

(സി) സംഘത്തിന്റെ ഗാർമെന്റ് യൂണിറ്റുകളുടെ പ്രവർത്തനനേട്ടം വിശദമാക്കുമോ ; ഇവിടെ എത്ര പേർ ജോലി ചെയ്യുന്നുണ്ട് ;

(സി) നിലവിൽ ഗാർമെന്റ്സ് യൂണിറ്റിൽ ബീഡിത്തൊഴിലാളികളുടെ ആശ്രിതരും മറ്റുമായി 200-ഓളം പേർ ജോലി ചെയ്തു വരുന്നു. ഇതിനു പുറമെ ഗാർമെന്റ്സ് യൂണിറ്റിന്റെ അടുത്തു തുടങ്ങാനിരിക്കുന്ന യൂണിറ്റിൽ (ചാല) 160-ഓളം പേർക്ക് തൊഴിൽ നൽകുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. ആയത് 2 മാസത്തിനകം തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഡി) ദിനേശ് ഭക്ഷ്യോൽപന്നങ്ങളുടെ വിപണി മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഡി) ഭക്ഷ്യോല്പന്നങ്ങളുടെ വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിനായി ഇതിനകം എല്ലാ ജില്ലകളിലും മാർക്കറ്റിംഗ് സ്റ്റാഫിനെ നിയമിച്ചുകൊണ്ട് മാർക്കറ്റ് സ്റ്റഡി നടത്തുകയും, അതിനനുസരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. കൂടാതെ, തിരുവനന്തപുരം, തൃശ്ശൂർ എന്നിവിടങ്ങളിൽ ഭക്ഷ്യോല്പന്ന വിതരണത്തിനായി ഡിപ്പോകൾ പ്രത്യേകം

ആരംഭിക്കുകയും, ഇവ നല്ല രീതിയിൽ പ്രവർത്തനം തുടർന്നു വരുകയും ചെയ്യുന്നുണ്ട്. ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി ഫുഡ്സേഫ്റ്റി സൊല്യൂഷൻസ് ഇന്റർനാഷണൽ സ്ഥാപനവുമായി ബന്ധപ്പെട്ട് HACCP സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.367 09-07-2009 ൽ മറുപടിയ്ക്ക്

## മദ്യജന്യരോഗങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.എൻ.പ്രതാപൻ :<br>ശ്രീ. ജി.കാർത്തികേയൻ :<br>ശ്രീ. എം.എ. വാഹിദ് : | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മദ്യജന്യരോഗങ്ങൾ എന്തെല്ലാമാണ് ; | (എ) | ആൽക്കഹോളിക് ഹെപ്പറ്റൈറ്റിസ്, ആൽക്കഹോളിക് ലിവർ ഡിസീസ്, ക്രോണിക് ലിവർ ഫെയിലുവർ, ആമാശയ അർബുദം, പാൻക്രിയാറ്റിക് രോഗങ്ങൾ, നാഡീ തളർച്ച, ഹൃദ്രോഗം, മാനസിക വിഭ്രാന്തി തുടങ്ങിയവ. |
| (ബി) | ഈ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിക്കുകയാണോ കുറയുകയാണോ ചെയ്യുന്നത് ; | (ബി) | ഈ രോഗങ്ങൾ പൊതുവെ വർദ്ധിക്കുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. |
| (സി) | മദ്യജന്യരോഗങ്ങളിൽ പ്രധാനമായവയെന്തെല്ലാം ; | (സി) | കരൾ രോഗങ്ങൾ, പാൻക്രിയാറ്റിക് രോഗങ്ങൾ, മാനസിക വിഭ്രാന്തി തുടങ്ങിയവയാണ് പ്രധാന മദ്യജന്യരോഗങ്ങൾ. |
| (ഡി) | ഈ രോഗങ്ങൾ ഓരോന്നും മൂലം പ്രതിവർഷം സംസ്ഥാനത്ത് എത്രപേർ മരിക്കുന്നതായി കണക്കാക്കപ്പെടുന്നു; | (ഡി) | ഈ രോഗങ്ങൾ മൂലം സംസ്ഥാനത്ത് പ്രതിവർഷം 7000ത്തോളം പേർ മരിക്കുന്നതായി കണക്കാക്കപ്പെടുന്നു. |
| (ഇ) | ഈ രോഗചികിത്സയ്ക്ക് പ്രതിവർഷം എന്ത് ചെലവ് വരുന്നു എന്ന് വ്യക്തമാക്കുമോ? | (ഇ) | രോഗത്തിന്റെ തീവ്രതയനുസരിച്ച് ചെലവ് വ്യത്യസ്തമാകുന്നതിനാൽ കൃത്യമായ കണക്ക് ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : T 368

09.07.2009-ൽ മറുപടിക്ക്.

## വല്ലാർപാടം ടെർമിനലിന്റെ നിർമ്മാണ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.കെ. പുരുഷോത്തമൻ :<br>ശ്രീ. സി.എം. ദിനേശ് മണി :<br>ശ്രീ. എം.എം. മോനായി :<br>ശ്രീ. സാജു പോൾ :<br>ശ്രീ. എ.എം. യൂസഫ് : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ ; | (എ) കൊച്ചിയിലെ വല്ലാർപാടത്ത് സ്ഥാപിക്കുന്ന ടെർമിനലിൽ 8000 + ടി.ഇ.യു വരെ ശേഷിയുള്ള ചരക്കു--കപ്പലുകൾ (മദർ കണ്ടെയ്നർ വെസ്സലുകൾ) കൈകാര്യം ചെയ്യുന്നതിനുവേണ്ടി ജലാശയത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. പ്രസ്തുത ടെർമിനലിലേയ്ക്കുള്ള റെയിൽപ്പാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 70 ശതമാനവും റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 44 ശതമാനത്തോളവും പൂർത്തിയായിട്ടുണ്ട്. |
| (ബി) ടെർമിനൽ എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ; | (ബി) ടി. ടെർമിനൽ 2009 നവംബറോടുകൂടി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) പദ്ധതിമൂലം വ്യവസായ മേഖലയ്ക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാം ആണ് ; | (സി) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ കമ്മീഷൻ ചെയ്യുന്നതോടുകൂടി അധിക ചെലവില്ലാതെ കടൽമാർഗ്ഗമുള്ള വ്യാപാരം നടത്താനാകും, തുറമുഖാധിഷ്ഠിതമാ--യുള്ള വ്യവസായങ്ങൾക്ക് വർദ്ധനയു--ണ്ടാകും, ഉദ്ദേശം 7500 കോടി രൂപയുടെ നിക്ഷേപക ഒഴുക്കുണ്ടാകും, മറ്റു പുരോഗമന പദ്ധതികളായ എൽ.എൻ.ജി ടെർമിനൽ, ബങ്കറിംഗ് ടെർമിനൽ എന്നിവ നടപ്പിലാക്കുന്നതിന് സഹായകരവുമാകു--ന്നതാണ്. ഇതെല്ലാം തന്നെ കൊച്ചിയെ ഒരു സാമ്പത്തിക കേന്ദ്രമാക്കി മാറ്റുന്നതിന് സഹായിക്കുന്നതാണ്. |

(തുടർച്ച......2)

(ഡി) ട്രാൻസ്ഷിപ്പ്മെന്റ് ചെലവുകൾ കുറയുന്നതുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാം ;

(ഡി) ട്രാൻസ്ഷിപ്പ്മെന്റ് ചെലവുകൾ ഗണ്യമായി കുറയുന്നതോടെ വിദേശ വ്യാപാരം വർദ്ധിക്കുകയും അതുവഴി ഇന്ത്യക്ക് അന്താരാഷ്ട്ര വിപണിയിൽ കൂടുതൽ മത്സരിക്കുന്നതിനും വിദേശ നാണ്യം കൂടുതൽ നേടുന്നതിനും കഴിയുന്നതാണ്. കൂടാതെ, ഇന്ത്യൻ വ്യവസായികൾക്ക് കയറ്റിറക്കു മേഖലയിൽ പ്രതിവർഷം 600 കോടി രൂപയുടെ നേട്ടമുണ്ടാകുന്നതാണ്.

(ഇ) പദ്ധതി നടപ്പാക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഇ) പ്രസ്തുത ടെർമിനലിലേയ്ക്കുള്ള റെയിൽ-റോഡ് നിർമ്മിക്കുന്നതിനാവ--ശ്യമായ സ്ഥലം ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറിയിട്ടുണ്ട്.

(എഫ്) ഇതിനായുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പുനരധിവാസ പദ്ധതി പൂർത്തിയായിട്ടുണ്ടോ ?

(എഫ്) ടി. പദ്ധതിയുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് പുനരധിവാസ ഭൂമി പ്ലോട്ട് തിരിച്ചു നൽകിയിട്ടുണ്ട്. പട്ടയം നൽകുന്ന നടപടികൾ പൂർത്തിയാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 369 | 09.07.2009 ൽ മറുപടിയ്ക്ക് |

## സെറിഫെഡിന്റെ പ്രവർത്തനം

| | |
|---|---|
| ചോദ്യം | ഉത്തരം |
| ശ്രീ. പി. കൃഷ്ണപ്രസാദ്, | ശ്രീ. എളമരം കരീം (വ്യവസായ വകുപ്പ് മന്ത്രി) |

" ജോർജ് എം. തോമസ്,

" കെ.കെ. ജയചന്ദ്രൻ.

" എം.ജെ. ജേക്കബ്:

" വി. ചെന്താമരാക്ഷൻ.

| | |
|---|---|
| (എ) സെറിഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) കേന്ദ്ര സിൽക്ക് ബോർഡിന്റെയും സംസ്ഥാന ആസൂത്രണ ബോർഡിന്റേയും ശുപാർശ പ്രകാരം, ക്ലസ്റ്റർ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം ശക്തിപ്പെടുത്തി. വിദേശ വിപണിയിൽ പ്രിയമേറിയ ബൈവോൾട്ടെയിൻ ഇനത്തിലുള്ള കൊക്കൂൺ മാത്രം ഉല്പാദിപ്പിക്കാൻ തുടങ്ങി. കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായസംഘങ്ങൾ തുടങ്ങിയവയെ മൾബറികൃഷിയിലേയ്ക്കും പട്ടുനൂൽ വളർത്തലിലേയ്ക്കും ആകർഷിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കാനായി ഫണ്ടു കണ്ടെത്തുന്നതിനുവേണ്ടി രാഷ്ട്രീയകൃഷി വികാസ് യോജന വഴിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. കേരളത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കർഷകർക്കായി ' സെറിശ്രീ ' എന്ന പേരിൽ തുടങ്ങിയ ഒരു പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. റീലിംഗ് ചെയ്യാൻ സാധിക്കാത്ത കൊക്കൂൺ ഉപയോഗിച്ച് 'സിൽക്കി ക്രാഫ്റ്റ് ' എന്ന പേരിൽ കരകൗശല ഉല്പന്നങ്ങൾ നിർമ്മിക്കുന്ന 2 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു. പാലക്കാട് ജില്ലയിലെ കല്ലഞ്ചിറയിൽ സിൽക്ക് സാരി നിർമ്മാണം ആരംഭിച്ചു. |

| | | | |
|---|---|---|---|
| | | | ഇതുകൂടാതെ തിരുവനന്തപുരം ജില്ലയിൽ ബാലരാമപുരം, എറണാകുളം ജില്ലയിൽ ചേന്ദമംഗലം, തൃശൂർ ജില്ലയിൽ തിരുവില്വാമല, കോഴിക്കോട്, കണ്ണൂർ, വയനാട് എന്നിവിടങ്ങളിലും ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കഴിഞ്ഞ വർഷം എത്ര ഏക്കർ സ്ഥലത്ത് പുതുതായി മൾബറി കൃഷി ആരംഭിച്ചിട്ടുണ്ട്; | (ബി) | കഴിഞ്ഞ സാമ്പത്തികവർഷം (2008-09) ജനറൽ സ്കീം പ്രകാരം 222 ഏക്കറിലും സെറിശ്രീ സ്കീം പ്രകാരം 85 ഏക്കറിലും പുതിയതായി മൾബറി കൃഷി ആരംഭിച്ചിട്ടുണ്ട്. മൊത്തം മൾബറി കൃഷി. (307 ഏക്കർ) |
| (സി) | പട്ടുനൂലിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും മെച്ചപ്പെട്ട വിലയ്ക്ക് വിൽക്കുന്നതിനുമായി നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | കർഷകർക്കായി പരിശീലന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | പരമ്പരാഗത നെയ്ത്തു തൊഴിലാളികളുടെ പങ്കാളിത്തത്തോടെ പട്ടുവസ്ത്ര ഉൽപാദനം മെച്ചപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ? | (ഇ) | ഇക്കോടെക്സ് എന്ന ഹാൻഡ്‌ലൂം കൺസോർഷ്യം വഴിയും തിരുവനന്തപുരം ജില്ലയിൽ ബാലരാമപുരം, എറണാകുളത്ത് ചേന്നമംഗലം, തൃശൂർ ജില്ലയിൽ തിരുവില്വാമല, പാലക്കാട് കല്ലഞ്ചിറ, കോഴിക്കോട്, കണ്ണൂർ, വയനാട് എന്നിവിടങ്ങളിലും സിൽക്ക് വസ്ത്രം നിർമ്മാണത്തിനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്. വ്യാവസായിക അടിസ്ഥാനത്തിൽ സിൽക്ക് വസ്ത്ര നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സിൽക്ക് റീലിംഗ് യൂണിറ്റുകളിൽ ഉല്പാദിപ്പിക്കുന്ന ഗുണനിലവാരമുള്ള സിൽക്ക് നൂൽ ഉപയോഗിച്ച് |

പാലക്കാട് കല്ലഞ്ചിറയിൽ നെയ്തെടുത്ത സിൽക്ക് വസ്ത്രങ്ങൾ " കേരൾ സിൽക്ക് " എന്ന പേരിൽ വിപണനം നടത്തിവരുന്നു. സിൽക്കിന്റെ ഗുണ നിലവാരത്തിലുള്ള ഗുണമേന്മ മുദ്രയായ സിൽക്ക് മാർക്ക് കേന്ദ്രസർക്കാരിൽ നിന്നും " കേരൾ സിൽക്കിന് " ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.370 | 09.07.2009 -ൽ മറുപടിയ്ക്ക് |

### കേരള സംസ്ഥാന വികലാംഗ കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മുരളി പെരുനെല്ലി:<br>ശ്രീ. കെ.കെ. ദിവാകരൻ:<br>ശ്രീ. പി.ജയരാജൻ:<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ:<br>ശ്രീ. സൈമൻ ബ്രിട്ടോ റോഡ്രിഗ്സ്: | | ശ്രീമതി .പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | കേരള സംസ്ഥാന വികലാംഗ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന വികലാംഗ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. 2008-09 സാമ്പത്തിക വർഷത്തിൽ പദ്ധതി ഇനത്തിൽ 132 ലക്ഷം രൂപ കോർപ്പറേഷനു വേണ്ടി വകയിരുത്തിയിട്ടുണ്ട്. ഈ തുകയെല്ലാം വികലാംഗരുടെ പുനരധിവാസത്തിനായുള്ള പല ക്ഷേമ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു വരുന്നു. സഹായോപകരണ വിതരണം, ബാങ്ക് ലോൺ സബ്സിഡി, മത്സര പരീക്ഷകൾക്കുള്ള പരിശീലനം. എസ്.എസ്.എൽ..സി. പരീക്ഷയ്ക്ക് ഉന്നത വിജയം നേടിയ ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് അവാർഡ്, ലോട്ടറി കച്ചവടത്തിനുള്ള സബ്സിഡി, സ്വാശ്രയ സംഘ രൂപീകരണം, അഞ്ചു വയസ്സിന് താഴെയുള്ള പെൺകുട്ടികൾക്ക് സ്ഥിര നിക്ഷേപ പദ്ധതി വിവാഹ ധനസഹായം, മോട്ടോറൈസ്ഡ് സ്കൂട്ടറിനുള്ള സബ്സിഡി, മുതലായവ അതിൽ പ്രധാനപ്പെട്ടതാണ്. |
| (ബി) | സ്വയംതൊഴിൽ ആരംഭിക്കുന്നതിന് കോർപ്പറേഷൻ നൽകുന്ന സാമ്പത്തിക സഹായം സംബന്ധിച്ച് വിശദാംശം നൽകുമോ; കഴിഞ്ഞ വർഷം എത്ര പേർക്ക് ബാങ്ക് ലോൺ അനുവദിച്ചു എന്ന് അറിയിക്കുമോ; | (ബി) | സ്വയം തൊഴിൽ ചെയ്യുന്നതിന് കേരള സംസ്ഥാന വികലാംഗ കോർപ്പറേഷൻ രണ്ടു തരം ലോണുകൾ വിതരണം ചെയ്യുന്നു.<br>1. കേരള സംസ്ഥാന വികലാംഗ കോർപ്പറേഷൻ ദേശീയ വികലാംഗധനകാര്യ വികസന കോർപ്പറേഷന്റെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി എന്ന നിലയിൽ 2000 മുതൽ **NHFDC** പദ്ധതി പ്രകാരമുള്ള വായ്പകൾ ജാമ്യ വ്യവസ്ഥയിൽ 50,000/- രൂപവരെ 5% പലിശയ്ക്കും അതിനുമുകളിൽ 6% പലിശയ്ക്കും നൽകി വരുന്നു. വനിതകൾക്ക് 1% പലിശ യിളവ് ലഭ്യമാണ്. |

| | | | |
|---|---|---|---|
| | | | 2. സ്വയം തൊഴിൽ ചെയ്യുന്നതിന് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ കേരളത്തിലെ വിവിധ ദേശസാൽകൃത ബാങ്കുകൾ മുഖേന സബ്സിഡിയോടുകൂടി വായ്പകൾ വിതരണം ചെയ്യുന്നു. 2008-09 സാമ്പത്തിക വർഷത്തിൽ വായ്പയുടെ 40% നിജപ്പെടുത്തി, പരമാവധി 2500/- രൂപവരെ സബ്സിഡി നൽകിയിട്ടുണ്ട്. ബാങ്കുകളുടെ നിബന്ധനകൾക്ക് വിധേയമായിരിക്കും വായ്പകൾ നൽകുന്നത്. 2009-10 ലേയ്ക്ക് വായ്പയുടെ 50% നിജപ്പെടുത്തി 5000/- രൂപവരെ സബ്സിഡി നൽകാൻ ഉദ്ദേശിക്കുന്നു. 2008-09 സാമ്പത്തിക വർഷം 267 പേർക്ക് ബാങ്കുകളിൽ നിന്ന് ലോൺ അനുവദിക്കുകയും സബ്സിഡിയായി 6,61,000/- രൂപ വിതരണം ചെയ്യുകയും ചെയ്തു. |
| (സി) | മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനു വികലാംഗരെ സജ്ജമാക്കുന്നതിനായി ആരംഭിച്ച ഷോപ്പിംഗ് കം ഗൈഡൻസ് കേന്ദ്രങ്ങളുടെ പ്രവർത്തനം വിശദീകരിക്കുമോ; | (സി) | മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് വികലാംഗരെ സജ്ജമാക്കുന്നതിന് വിവിധ ജില്ലാ സ്പെഷ്യൽ എംപ്ലോയ്മെന്റ് ഓഫീസുമായി സഹകരിച്ച് ജില്ലാ ആസ്ഥാനങ്ങളിൽ കോച്ചിംഗ്-കം-ഗൈഡൻസ് നടത്തി വരുന്നു. ഇതിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് മത്സര പരീക്ഷകളിൽ ഉന്നത വിജയം കൈവരിക്കുന്നതിനായി വിവിധ മേഖലകളിലെ വിദഗ്ദ്ധരായ വ്യക്തികൾ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. |
| (ഡി) | വികലാംഗർക്ക് സഹായോപകരണങ്ങൾ നൽകുന്നതിനുള്ള പദ്ധതി വിപുലീകരിച്ച് എല്ലാ വികലാംഗർക്കും 3 വർഷത്തിലൊരിക്കൽ സഹായോപകരണങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | വികലാംഗർക്ക് സഹായോപകരണങ്ങൾ നൽകുന്നതിനുള്ള പദ്ധതി ഫണ്ടിന്റെ ലഭ്യതയും വൈകല്യത്തിന്റെ തോതും കണക്കിലെടുത്ത് അർഹരായ എല്ലാ വികലാംഗർക്കും മൂന്നു വർഷത്തിലൊരിക്കൽ സഹായോപകരണങ്ങൾ നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 371 — 09.07.2009-ൽ മറുപടിക്ക്

## ബ്ലൂ ബ്രിഗേഡ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ<br>ശ്രീ. എൻ. രാജൻ<br>ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. ബാബുപോൾ<br>ശ്രീ. കെ. അജിത് | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വാട്ടർ അതോറിറ്റിയിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഘടനയും ചുമതലകളും എന്താണെന്ന് വിശദമാക്കുമോ; | (എ) ഉണ്ട്.<br>ഒരു ഷിഫ്റ്റിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ കീഴിൽ ഒരു ഓവർസിയറും മൂന്നു വർക്കർമാരും ഒരു പ്ലംബർ/ഫിറ്ററും അടങ്ങുന്ന ബ്ലൂ ബ്രിഗേഡ് 24 മണിക്കൂറും പ്രവർത്തിച്ചു വരുന്നു. ജല വിതരണ പൈപ്പു ലൈനുകളിൽ ഉണ്ടാകുന്ന അറ്റകുറ്റപണികൾ നടത്തുന്നതിന് റണ്ണിംഗ് കോൺട്രാക്ട് എടുത്തിട്ടുളളവർ നിശ്ചിത സമയത്തിനുളളിൽ അറ്റകുറ്റപണികൾ ചെയ്തു തീർക്കാത്ത പക്ഷം ആയതിന്റെ ചെലവും പിഴയും ബന്ധപ്പെട്ട കോൺട്രാക്ടറിൽ നിന്നും ഈടാക്കുന്നതുമാണ്. ഉപഭോക്താക്കളുടെ സർവ്വീസ് കണക്ഷനിൽ ഉണ്ടാകുന്ന ലീക്കുകൾ നോട്ടീസ് നൽകി നിശ്ചിത സമയത്തിനകം പരിഹരിക്കാത്ത പക്ഷം ബ്ലൂ ബ്രിഗേഡ് പ്രസ്തുത അറ്റകുറ്റപ്പണി ചെയ്യുന്നതും ചെലവ് ഉപഭോക്താവിൽ നിന്നും ഈടാക്കുന്നതുമാണ്. |
| (ബി) ഏതെല്ലാം ജില്ലകളിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം പി.എച്ച്. ഡിവിഷനിലും കൊല്ലംജില്ലയിൽ പി.എച്ച്. ഡിവിഷനിലുമാണ് ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുളളത്. |

| | | | |
|---|---|---|---|
| (സി) | പുതിയ വാട്ടർ കണക്ഷൻ നൽകുന്നത് ബ്ളൂ ബ്രിഗേഡിന്റെ അധികാര പരിധിയിൽ കൊണ്ടു വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ കൊണ്ടു വരാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (സി) | ഇല്ല.<br>നിലവിൽ വാട്ടർ കണക്ഷൻ നൽകുന്നത് ബ്ളൂ ബ്രിഗേഡിന്റെ പരിധിയിൽ കൊണ്ടു വരുന്നതിന് സാങ്കേതികമായി പരിമിതികൾ ഉണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ 372 09.07.2009 ൽ മറുപടിക്ക്

## ജലനിധി പദ്ധതിയിലൂടെ കൈവരിച്ച നേട്ടങ്ങൾ

ചോദ്യം

ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ.ആനത്തലവട്ടം ആനന്ദൻ
ശ്രീ.എം..ഹംസ
ശ്രീ.ടി.പി.കുഞ്ഞുണ്ണി
ശ്രീ. കെ.സി.രാജഗോപാലൻ

മറുപടി

ശ്രീ. എൻ.കെ പ്രേമചന്ദ്രൻ
(ജലവിഭവ വകുപ്പ് മന്ത്രി)

| നം. | ചോദ്യം | ഉത്തരം |
|---|---|---|
| എ | ജലനിധി പദ്ധതിയിലൂടെ കൈവരിക്കാനായ നേട്ടം വ്യക്തമാക്കുമോ; | ലോകബാങ്ക് സഹായത്തോടെ 112 പഞ്ചായത്തുകളിൽ 3712 പദ്ധതികളിലായി 1.94 ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിന് പദ്ധതി ലക്ഷ്യമിട്ടിട്ടുണ്ടായിരുന്നു. അതിൽ 3704 പദ്ധതികൾ പൂർത്തീകരിച്ച് 1.69 ലക്ഷം കുടുംബങ്ങൾക്ക് ഇതിനോടകം കുടിവെള്ളം എത്തിക്കുവാൻ കഴിഞ്ഞു. ബാക്കിയുള്ള 8 പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് 1.94 ലക്ഷം കുടുംബങ്ങൾക്കും വെള്ളം എത്തിക്കും. ഏകദേശം 11.27 ലക്ഷം ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ഇത് ഒരു കുടിവെള്ള ശുചിത്വ പദ്ധതി ആയതിനാൽ സുനാമി പുനരധിവാസ കുടിവെള്ള പദ്ധതി നടപ്പാക്കുന്ന പഞ്ചായത്തുകൾ ഒഴിച്ചുള്ള 110 പഞ്ചായത്തുകളിലായി 68023 പുതിയ കക്കൂസുകൾ നിർമ്മിച്ചിട്ടുണ്ട്. ആകെയുള്ള 110 ജലനിധി പഞ്ചായത്തുകളിൽ 85, പഞ്ചായത്തുകൾക്ക്കേന്ദ്രസർക്കാരിന്റെ നിർമ്മൽ പുരസ്കാർ അവാർഡ് ലഭിച്ചിട്ടുണ്ട്.<br><br>പരിസര മലിനീകരണം തടയുന്നതിന്റേയും ശുചിത്വത്തിന്റേയും ഭാഗമായി 24194 ആഴംകൂടിയ കക്കൂസുകൾ ആഴം കുറഞ്ഞ ശുചിത്വ |

| | | |
|---|---|---|
| | | കക്കൂസുകളാക്കി മാറ്റിയിട്ടുണ്ട്. 68 കി.മി. അഴുക്കുചാലിന്റെ നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്.<br>ഭൂഗർഭജല പരിപോഷണത്തിന്റെ ഭാഗമായി 1013 ചെറിയ ഭൂഗർഭജല പരിപോഷണ യൂണിറ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. 13304 ചെറുകിട മഴവെള്ള സംഭരണികൾ ഈ പദ്ധതിയിൽ കുടിവെള്ളത്തിന്റെ ഭാഗമായി വിവിധ പഞ്ചായത്തുകളിൽ നിർമ്മിച്ച് നൽകിയിട്ടുണ്ട്.<br>ജലനിധി പദ്ധതികളുടെ ശാക്തീകരണ പ്രവർത്തനങ്ങൾ, സ്ത്രീ ശാക്തീകരണ പ്രർത്തനങ്ങൾ വിവിധ തലങ്ങളിലുള്ള ട്രെയിനിംഗ് പ്രോഗ്രാമുകൾ, ബോധവൽക്കരണ പരിപാടികൾ എന്നിവയും ഈ പദ്ധതിയിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| ബി | എത്ര ഗ്രാമപഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കുന്നത്; | 112 ഗ്രാമപഞ്ചായത്തുകളിലാണ് ജലനിധി പദ്ധതി നടപ്പിലാക്കുന്നത്. |
| സി | ഈ വർഷം പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കുമോ? | 4 ചെറിയപദ്ധതികളും ചവറ- പന്മന പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതി അടക്കമുള്ള 4 ബൃഹത് പദ്ധതികളും ഈവർഷം പൂർത്തിയാക്കുന്നതാണ്. |
| ഡി | ജലനിധി പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | 400 പഞ്ചായത്തുകളിൽജലനിധി പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി 1200 കോടി ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി ആവിഷ്കരിച്ച് ലോകബാങ്കിന് സമർപ്പിച്ചിട്ടുണ്ട്. |
| ഇ | ഇതിന് ലോകബാങ്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; | ഇത് ഇപ്പോൾ ലോകബാങ്കിന്റെ സജീവ പരിഗണനയിലാണ്. |
| എഫ് | മഴവെള്ള സംഭരണ പദ്ധതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | സംസ്ഥാന സർക്കാർ കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി വഴി മഴവെള്ള സംഭരണ പ്രചരണ പരിപാടിക്ക് ജൂൺ മാസം 2004 ൽ തുടക്കം കുറിച്ചു. ഇതിന്റെ ഭാഗമായി സംസ്ഥാന |

തലത്തിൽ ഒരു മഴകേന്ദ്രം (തിരുവനന്തപുരം) പ്രവർത്തിച്ചു വരുന്നു. സംസ്ഥാന തലത്തിൽ മഴ വെള്ള സംഭരണ പ്രചാരണ പരിപാടി ഏകോപിപ്പിക്കലാണ് മഴകേന്ദ്രത്തിന്റെ പ്രധാന ദൗത്യം.

**പരിപാടിയുടെ ഭാഗമായി താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുകയുണ്ടായി.**

- എല്ലാ ജില്ലയിലും 50 മേസ്തിരിമാരെ ഫെറൊ സിമെന്റ് സാങ്കേതിക വിദ്യയിൽ പരിശീലനം നൽകി സജ്ജരാക്കി.
- എല്ലാ ജില്ലയിലും 25 വകുപ്പുതല എഞ്ചിനീയർമാർക്ക് ഫെറൊസിമെന്റ് ടെക്നോളജിയിൽ പരിശീലനം നൽകി.
- എല്ലാ ജില്ലയിലും 10,000 ലിറ്റർ സംഭരണ ശേഷിയുള്ള 35 സംഭരണികൾ നിർമ്മിച്ചുകഴിഞ്ഞു. കൂടാതെ 30,000 ലിറ്റർ സംഭരണ ശേഷിയുള്ള 126 സംഭരണികൾ നിർമ്മിച്ചു.
- മഴവെള്ള സംഭരണത്തെക്കുറിച്ച് കൈപ്പുസ്തകം, 2 ലഘുലേഖകൾ പുറത്തിറക്കി എല്ലാ പഞ്ചായത്തുകൾക്കും വിതരണം ചെയ്തു. ആവശ്യപ്പെടുന്ന ഏവർക്കും ഇതുലഭ്യമാണ്.
- മഴവെള്ള സംഭരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുവാൻ ലഘുലേഖകൾ, പോസ്റ്ററുകൾ, സിനിമ സ്ലൈഡുകൾ, സ്റ്റിക്കറുകൾ, മതിലെഴുത്തുകൾ, KSTRC ബസ്സിൽ പരസ്യങ്ങൾ തുടങ്ങി വിവിധ ബോധവത്ക്കരണ-പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു.
- വിവിധ ടി.വി ചാനലുകൾ വഴിയായി മഴവെള്ള സംഭരണത്തെ സംബന്ധിച്ച പരസ്യചിത്രങ്ങൾ സംപ്രേക്ഷണം ചെയ്തു.
- ആകാശവാണി മഴവെള്ള സംഭരണം/ ഭൂജല പരിപോഷണത്തെക്കുറിച്ച് 40 എപ്പിസോഡുള്ള കൃഷിപാഠം പരിപാടി 'മഴ

| | | |
|---|---|---|
| | | ക്കൊയ്ത്തിലൂടെ ജലസമൃദ്ധി' പ്രക്ഷേപണം ചെയ്തു.<br>• ജലക്ഷാമമകറ്റാൻ കേരളത്തിലെ എല്ലാ ഗവ. മെഡിക്കൽ കോളേജുകൾ, ഗവ. വെറ്റിനറി കോളേജ്, യൂണിവേഴ്സിറ്റി കോളേജ്, വിദ്യാലയങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ സമഗ്ര മഴവെള്ള സംഭരണത്തിലധിഷ്ഠിതമായ ജല വിതരണ പദ്ധതികൾ നടപ്പിലാക്കി.<br>• പരിപാടിയുടെ ഭാഗമായി വിവിധ ജില്ലകളിൽ നൂറിലധികം ബോധവൽക്കരണ സെമിനാറുകൾ/ ക്ലാസ്സുകൾ സംഘടിപ്പിക്കുകയുായി. കൂടാതെ സംസ്ഥാനത്തെ പല ഭാഗങ്ങളിലായി നടന്ന എക്സിബിഷനുകളിൽ പങ്കെടുത്തു.<br><br>2009 – 10 സാമ്പത്തിക വർഷത്തിൽ മഴവെള്ള സംഭരണ പ്രവർത്തനങ്ങൾക്കായി 4.9 കോടിരൂപയുടെ പദ്ധതി പ്ലാനിംഗ് ബോർഡിൽ സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ മഴവെള്ള സംഭരണ/ഭൂജല പരിപോഷണ പ്രവർത്തനങ്ങൾക്കായി 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.. ഇതിനുള്ള പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്.. ഇത് സംസ്ഥാന പ്ലാനിംഗ് ബോർഡ് മുൻപാകെ സമർപ്പിക്കുന്നതാണ്. കൂടാതെ സംസ്ഥാനത്തുടനീളം സമഗ്ര മഴവെള്ള സംഭരണ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിൽ 101.10 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചിട്ടുണ്ട്..<br><br>കുട്ടനാട്, ഇടുക്കി പാക്കേജുകളിൽ മഴവെള്ളസംഭരണ പ്രവർത്തനങ്ങൾക്കായി യഥാക്രമം 10 കോടി രൂപയുടേയും 2.5 കോടി രൂപയുടേയും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 373 9.7.2009 -ൽ മറുപടിയ്ക്ക്

## ചിൽഡ്രൻസ് കോഡ് ബില്ല്

**ചോദ്യം**

ശ്രീ. കെ.സി. കുഞ്ഞിരാമൻ :
ശ്രീമതി കെ.എസ്. സലീഖ :
ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

**ഉത്തരം**

ശ്രീ. എം. വിജയകുമാർ
(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി)

(എ) കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി നിയമ പരിഷ്ക്കരണ കമ്മീഷൻ തയ്യാറാക്കിയ ചിൽഡ്രൻസ് കോഡ് ബില്ലിൽ കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച ഏതെല്ലാം വ്യവസ്ഥകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനോടൊപ്പം കുട്ടികളുടെ സമഗ്രവികസനത്തിന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ടോയെന്നറിയിക്കുമോ ;

(സി) ബിൽ നിയമമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

(എ) മുതൽ (സി) വരെ: നിയമ പരിഷ്ക്കരണ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടെങ്കിലും റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളൂ. റിപ്പോർട്ടിന്റെ കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ല.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 374 — 09.07.2009-ൽ മറുപടിക്ക്

## സ്പാൻ പദ്ധതിയുടെ വിശദാംശം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |

(എ) മുടങ്ങിക്കിടക്കുന്ന ഗ്രാമീണ ശുദ്ധ ജലവിതരണ പദ്ധതികൾ പൂർത്തിയാക്കുന്നതിന് ആവിഷ്ക്കരിച്ച സ്പാൻ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(എ) എൽ.ഐ.സി സഹായത്തോടെ ഏറ്റെടുക്കുകയും ഫണ്ടിന്റെ അപര്യാപ്തത മൂലം പണി മുടങ്ങിപ്പോവുകയും ചെയ്ത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും മറ്റു ചില പദ്ധതികളും ഏതാനും ചില പുതിയ പദ്ധതികളും ഉൾപ്പെടെ 36 പദ്ധതികൾ RIDF XIV-ൽ ഉൾപ്പെടുത്തി പൂർത്തിയാക്കുന്നതിന് നബാർഡിന്റെ പ്രത്യേക സാമ്പത്തിക സഹായം ലഭ്യമാക്കുക എന്നതാണ് 'സ്പാൻ' (Special Package Assisted by NABARD) പദ്ധതി കൊണ്ട് ഉദ്ദേശിച്ചത്. പദ്ധതിക്ക് നബാർഡിന്റെ അനുമതി ലഭിക്കുകയും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്.

(ബി) പദ്ധതിയുടെ മൊത്തം മുതൽമുടക്ക് എത്രയാണ്; നബാർഡിൽ നിന്നും എത്ര കോടി രൂപയാണ് ധനസഹായമായി ലഭിക്കുന്നത്;

(ബി) പദ്ധതിയുടെ മൊത്തം മുതൽ മുടക്ക് 670.16 കോടി രൂപയാണ്. 449.89 കോടി രൂപയാണ് നബാർഡിൽ നിന്നും ലഭിക്കുന്ന ധനസഹായം.

(സി) ഏതെല്ലാം ജല വിതരണ പദ്ധതികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) 36 ജല വിതരണ പദ്ധതികളാണ് സ്പാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | പദ്ധതി പൂർത്തിയാകുമ്പോൾ എത്ര പേർക്ക് പ്രയോജനം കിട്ടുമെന്ന് വെളിപ്പെടുത്തുമോ ? | (ഡി) | പദ്ധതികൾ പൂർത്തിയാകുമ്പോൾ ഉദ്ദേശം 27 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.375 | 09/07/2009-ൽ മറുപടിയ്ക്ക് |
|---|---|

# മെഡിക്കൽ യൂണിവേഴ്സിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. ജോർജ് | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) കേരളത്തിൽ മെഡിക്കൽ യൂണിവേഴ്സിറ്റി എന്നത്തേക്ക് നിലവിൽ വരും ; | (എ) മെഡിക്കൽ യൂണിവേഴ്സിറ്റി 2010-2011 സാമ്പത്തിക വർഷത്തിൽ പ്രവർത്തനമാരംഭിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത് ; | (ബി) നിർദ്ദിഷ്ട മെഡിക്കൽ യൂണിവേഴ്സിറ്റിയെ സംബന്ധിച്ച കരട് ബിൽ സർക്കാർ പരിശോധിച്ചു വരികയാണ്. ഇതിനു അന്തിമ രൂപമായാൽ മാത്രമേ മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാൻ കഴിയുകയുള്ളൂ. എങ്കിലും കേരളത്തിലെ എല്ലാ മെഡിക്കൽ, ആയുർവേദ, ഹോമിയോ, നഴ്സിംഗ് കോളേജുകൾ ഉൾപ്പെടുന്ന യൂണിവേഴ്സിറ്റി ആയിരിക്കും രൂപം കൊള്ളുക എന്ന് പറയാൻ കഴിയും |
| (സി) മെഡിക്കൽ യൂണിവേഴ്സിറ്റിക്കായി എന്തെങ്കിലും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റി അംഗങ്ങൾ ആരൊക്കെ ; ഇത് എന്ന് നിലവിൽ വന്നു ; വിവരിക്കുമോ ? | (സി) മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ പ്രാരംഭ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 27.08.2008 ലെ ജി.ഒ. (എം.എസ്)475/08/ആ.കു.വ. ഉത്തരവു പ്രകാരം 20 അംഗങ്ങളുള്ള ഒരു ഹൈപവർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. ഈ കമ്മിറ്റി 27.08.2008 ൽ നിലവിൽ വന്നു. |

സെക്ഷൻ ഓഫീസർ

## Abstract

Health & Family Welfare Department – Establishment of a Medical University in Kerala for all the systems of Medicine including Modern Medicine, Ayurveda, Homoeopathy, Unani, Sidha and allied subjects under the name 'Kerala University of Medical and Allied Sciences' – Sanctioned - Orders issued.

**HEALTH & FAMILY WELFARE (S) DEPARTMENT**

**GO(MS)No. 475/08/H&FWD** **Dated, Thiruvananthapuram, 27.08.2008**

Read:- 1.GO(Rt)No.3507/06/H&FWD dated 02.12.2006
2. Project Report dated 07.04.2007 submitted by Dr. B. Ekbal Committee.
3. Report dated 11.12.07 submitted by the Committee for 'Ayurveda'.
4.Report dated 31.01.2008 submitted by the Committee for Homoeopathy.

## ORDER

A committee has been constituted under chairmanship of Dr. B.Ekbal, for exploring the possibility of establishing a Medical University in Kerala and for preparing its project report. The Committee submitted the project report as per the reference 2nd cited. Later two separate committees were also constituted for submitting project reports in respect of Ayurveda and Homoeopathy. These Committees were also submitted their reports vide references read as 3rd and 4th papaers above Government have examined all these reports in detail and hereby decided to establish a Medical University in Kerala for all the systems of Medicine including Modern Medicine, Ayurveda, Homoeopathy, Unani, Sidha and allied subjects under the name **"Kerala University of Medical and Allied Sciences"** (Kerala Medical University in short) with its Head Quarters at Thrissur.

Sanction is also accorded for the constitution of a High Power Committee with the following members for considering policy matters and taking decisions related to the establishment of the Medical University.

| | | |
|---|---|---|
| 1. **Minister (H&SW)** | - | **Chairperson** |
| 2. Project Director, Kerala University of Medical and Allied Sciences | - | Convenor |
| 3.Secretary, Health Department | - | Member |
| 4. Secretary, Finance Department | - | " |
| 5. Secretary, Higher Education Department | - | " |
| 6.Secretary, Planning & Economic Affairs Department | - | " |
| 7. Secretary, Law Department | - | " |

| | | |
|---|---|---|
| 8. Director of Medical Education | - | Member |
| 9. Director of Ayurveda Medical Education | - | " |
| 10. Principal and Controlling Officer, Government Homoeopathic Medical College, Thiruvananthapuram | - | " |
| 11. Director of Sree Chitra Institute for Medical Sciences and Technology, Thiruvananthapuram | - | " |
| 12. Vice Chairman, Kerala State Council for Higher Education, Thiruvananthapuram | - | " |
| 13. Dr. M.S. Valiathan, Former Director, Sree Chitra Institute for Medical Sciences and Technology, Thiruvananthapuram | - | " |
| 14. Dr. M.Krishnan Nair, Former Director, Regional Cancer, Centre, Thiruvananthapuram | - | " |
| 15. Dr.B.Ekbal, Former Vice Chancellor, University of Kerala | - | " |
| 16. Dr. Samadarsi, Rtd. Professor in Surgery, Medical College, Thiruvananthapuram | - | " |
| 17. Dr. Ramdas Pisharady, Principal, Medical College, Thiruvananthapuram | - | " |
| 18. Dr. P.K.Mohanlal, Rtd. Director of Ayurveda Medical Education | - | " |
| 19. Dr. K.Sankaran, Rtd. Director of Ayurveda Medical Education | - | " |
| 20. Dr. P.Muraleedharan, Rtd Principal, Government Homoeopathic Medical College, Kozhikode | - | " |

By Order of the Governor

P. Radhakrishna Pillai,
Additional Secretary to Government

To

1. P.S to Minister (H&SW)
2. P.A to Secretary, Health Department
3. P.A to Secretary, Finance Department
4. P.A to Secretary, Higher Education Department
5. P.A. to Secretary, Planning Department
6. P.A. to Secretary, Law Department
7. The Project Director, Kerala University of Medical and Allied Sciences
8. Members Concerned.
9. Health & Family Welfare (D/J) Departments
10. Stock File/Office Copy

Forwarded/By Order,

Section Officer

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 376 — 09.07.2009 ൽ മറുപടിക്ക്

### ജപ്പാൻ കുടിവെള്ള വിതരണ പദ്ധതിയുടെ കരാർ കാലാവധി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.കെ.ചന്ദ്രൻ<br>ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. കെ. രാജു<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ | ശ്രീ. എൻ.കെ പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) *ജപ്പാൻ കുടിവെള്ള വിതരണ പദ്ധതിയുടെ കൺസൾറ്റൻസിയായ ടോക്കിയോ എൻജിനീയറിംഗ് കൺസോർഷ്യത്തിന്റെ കരാർ കാലാവധി അവസാനിക്കുന്ന തെന്നാണ് ; ഈ കരാർ കാലാവധി നീട്ടിക്കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;* എങ്കിൽ എത്ര കാലത്തേയ്ക്കെന്ന് വ്യക്തമാക്കാമോ; | ആദ്യ കരാർ 2007 ആഗസ്റ്റ് മാസം അവസാനിക്കുകയും 2009 ആഗസ്റ്റ് മാസം വരെ നീട്ടികൊടുക്കുകയും ചെയ്തിട്ടുണ്ട്. കരാർ കാലാവധി വീണ്ടും നീട്ടികൊടുക്കേണ്ടതായിട്ടുണ്ട്. 31.03.2011 വരെ നീട്ടുന്നതിനാണ് നടപടികൾ എടുത്തു വരുന്നത്. |
| ബി) ഈ പദ്ധതിയുടെ നടത്തിപ്പിൽ ഒട്ടേറെ താളപ്പിഴകൾ ഉണ്ടാകുന്നുണ്ടെന്ന വിമർശനം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് വിശദമാക്കുമോ ; | ഉണ്ട് .ജപ്പാൻ കുടിവെള്ള പദ്ധതി സംസ്ഥാനം ഏറ്റെടുത്തിട്ടുള്ള അതി ബൃഹത്തായ പദ്ധതിയായതിനാൽ ഇത്തരം പ്രശ്നങ്ങൾ മുന്നിൽക്കണ്ട് അവ കഴിയുന്നതും വേഗം പരിഹരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനു നിയോഗിച്ചിട്ടുള്ള കൺസൾട്ടൻസിയുടെ ഉപദേശങ്ങൾക്ക് പുറമേ , മാനേജിംഗ് ഡയറക്ടറും വാട്ടർ അതോറിററി ബോർഡും ആവശ്യ*മായ നിർദ്ദേശങ്ങളും തീരുമാനങ്ങളും നൽകി വരുന്നു. സർക്കാർ തലത്തിൽ ചീഫ് സെക്രട്ടറി തലവനായുള്ള എംപവേർഡ് കമ്മിററിയും ആവശ്യമായ ഘട്ടങ്ങളിൽ തീരുമാനങ്ങളെടുത്ത് പദ്ധതി നടത്തിപ്പിന് അനുകൂല സാഹചര്യം സൃഷ്ടിക്കുന്നു. സാങ്കേതിക തലത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്* |

| | | |
|---|---|---|
| | | ശാസ്ത്രീയമായ സമീപനമാണ് സ്വീകരിക്കുന്നത്. ആവശ്യമെന്ന് കാണുന്ന പക്ഷം രാജ്യത്തെ ഉന്നത നിലവാരമുള്ള ഏജൻസികളുടെ സഹായവും തേടുന്നുണ്ട്. |
| സി | ജിക്ക സഹായത്തോടെ നടപ്പാക്കുന്ന കുടിവെള്ള വിതരണ പദ്ധതികളുടെ അടങ്കൽത്തുക എത്രയാണെന്നു വ്യക്തമാക്കുമോ; | തുടക്കത്തിൽ പദ്ധതിയുടെ അടങ്കൽത്തുക 1787.47 കോടി രൂപയായിരുന്നു. (1996 ലെ നിരക്കനുസരിച്ചുള്ള എസ്റ്റിമേററാണിത്) |
| ഡി | പ്രസ്തുത തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്നു വെളിപ്പെടുത്തുമോ ? | അടങ്കൽത്തുക 2589.90 കോടി രൂപയാക്കി പുതുക്കി അംഗീകരിച്ചിട്ടുണ്ട്(2006 ലെ നിരക്കനുസരിച്ചുള്ള തുകയാണിത്) |

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 377 09-07-2009-ൽ മറുപടിയ്ക്ക്

അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഹംസ:<br>ശ്രീ.വി.എൻ.വാസവൻ:<br>ശ്രീ.വി.ശിവൻകുട്ടി:<br>ശ്രീ.വി.ശശികുമാർ:<br>ശ്രീ.പി.വിശ്വൻ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാമിൽ കേരളത്തിന്റെ പങ്കാളിത്തം എന്താണെന്ന് വ്യക്തമാക്കുമോ; | (എ)<br>അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പദ്ധതി 2008 - 2009 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 2009 ഏപ്രിൽ 2 മുതൽ 24-വരെ കേരളത്തിൽ നിന്നുള്ള 11 അംഗ സംഘം ജർമ്മനി സന്ദർശിക്കുകയുണ്ടായി. |
| (ബി)<br>യൂത്ത് എക്സ്ചേഞ്ച് പദ്ധതിയുടെ വിശദാംശം എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ; | (ബി)<br>കേരളത്തിലെ യുവജനങ്ങൾക്ക് വ്യത്യസ്ത രാജ്യങ്ങളിലെ കലയും, സംസ്കാരവും ചരിത്രവും നേരിട്ട് മനസ്സിലാക്കുന്നതിന് അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പദ്ധതി. 2008-2009 വർഷത്തിൽ ഈ പരിപാടിയുടെ ഭാഗമായി കേരളത്തിൽ നിന്നും 11 അംഗങ്ങളടങ്ങിയ യുവജന സംഘം 2009 ഏപ്രിൽ 2 മുതൽ 24 വരെ ജർമ്മനി സന്ദർശിച്ചു. കേരളോത്സവം, നാഷണൽ യുവോത്സവ് എന്നിവയിലെ വിജയികളും |

യൂണിവേഴ്സിറ്റി കലോത്സവ വിജയിയും ഉൾപ്പെടുന്ന ടീമിൽ 6 യുവാക്കളും 4 യുവതികളുമാണ് ഉണ്ടായിരുന്നത്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ 2008 - 2009 വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും 6,50,000/- രൂപയാണ് പരിപാടിയ്ക്കായി വകയിരുത്തിയിരുന്നത്.

| | |
|---|---|
| (സി) ഏതെല്ലാം രാജ്യങ്ങളുമായാണ് എക്സ്ചേഞ്ച് പ്രോഗ്രാം സംഘടിപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) 2008-2009 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതിയുടെ ഭാഗമായി ജർമ്മനിയുമായി അന്തർ ദേശീയ യൂത്ത് എക്സ്ചേഞ്ച് പദ്ധതി സംഘടിപ്പിച്ചു. |
| (ഡി) പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്രസർക്കാരിൽ നിന്നും സഹായം ലഭിക്കുമോ; | (ഡി) പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും ധന സഹായമൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. |
| (ഇ) പ്രോഗ്രാമിൽ പങ്കെടുക്കുന്നതിന് കേരളത്തിൽ നിന്ന് ഈ വർഷം എത്ര പേർക്ക് അവസരം ലഭിക്കുമെന്ന് അറിയിക്കുമോ ? | (ഇ) കേരളത്തിൽ നിന്നും മറ്റു രാജ്യങ്ങളുമായുള്ള യൂത്ത് എക്സ്ചേഞ്ച് പരിപാടി ഈ വർഷം ഇതുവരെയും നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 378 09-07-2009-ൽ മറുപടിക്ക്

## കായിക താരങ്ങളുടെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കുഞ്ഞിരാമൻ:<br>ശ്രീ.ബാബു എം. പാലിശ്ശേരി:<br>ശ്രീ.എം.എം.മോനായി:<br>ശ്രീ.എ.പ്രദീപ് കുമാർ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>കായിക താരങ്ങളുടെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ? | (എ)<br>കായിക താരങ്ങളുടെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കായിക യുവജന കാര്യാലയത്തിന്റെ കീഴിൽ തിരുവനന്തപുരത്ത് രാജീവ്ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്റർ പ്രവർത്തിച്ചു വരുന്നു. |
| (ബി)<br>രാജീവ്ഗാന്ധി സ്പോർട്ട്സ് മെഡിസിൻ കേന്ദ്രത്തിന്റെ പ്രവർത്തനം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി)<br>രാജീവ്ഗാന്ധി സ്പോർട്ട്സ് മെഡിസിൻ കേന്ദ്രത്തിൽ ഫിസിയോ തെറാപ്പി, ഇലക്ട്രോതെറാപ്പി, ക്രയോതെറാപ്പി എന്നീ ചികിത്സാ സൗകര്യങ്ങൾ കായിക താരങ്ങൾക്ക് നൽകി വരുന്നു. കൂടാതെ സ്പോർട്സ് മെഡിസിൻ ഡോക്ടറുടെ സേവനം എല്ലാ ദിവസവും കായിക താരങ്ങൾക്ക് സൗജന്യമായി നൽകി വരുന്നു. സ്പോർട്സ് മെഡിസിൻ അവയർനെസ് ആന്റ് ഓറിയന്റേഷൻ ട്രെയിനിംഗ് പ്രോഗ്രാം കായിക താരങ്ങൾക്കും, ഫിസിക്കൽ എഡ്യുക്കേഷൻ അദ്ധ്യാപകർക്കും കോച്ചുമാർക്കും നൽകി വരുന്നു. കായിക താരങ്ങൾക്ക് ഫിസിക്കൽ ഫിറ്റ്നസിനും, മുറിവുകൾ ഒഴിവാക്കുന്നതിനാവശ്യമായ എക്സർസൈസും, വിദഗ്ദ കായിക പരിശീലകരുടെ നേതൃത്വത്തിൽ വിവിധ സെന്ററുകൾ സന്ദർശിച്ച് പരിശീലനം നൽകുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു. കൂടാതെ കായിക താരങ്ങളുടെ പരിശീലനത്തിനു വേണ്ട സ്പോർട്സ് മെഡിസിൻ സേവനം, കായിക താരങ്ങളുടെ വയസ്സ് നിർണ്ണയിക്കൽ കായിക ക്ഷമതാ സർട്ടിഫിക്കേഷൻ എന്നീ സേവനങ്ങളും ലഭ്യമാക്കുന്നു. |

| | |
|---|---|
| (സി)<br>എല്ലാ ജില്ലകളിലും സ്പോർട്ട്സ് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവിടെ ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ; | (സി)<br>ആരോഗ്യ വകുപ്പുമായി ചേർന്നു കൊണ്ട് നടപ്പാക്കുന്ന ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി)<br>സ്പോർട്ട്സ് മെഡിസിൻ സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് അവബോധം ഉണ്ടാക്കുന്നതിനും പരിശീലനം നൽകുന്നതിനും പദ്ധതി ആവിഷ്ക്കരിക്കുമോ ? | (ഡി)<br>ആവിഷ്ക്കരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 379

09.07.2009 ൽ മറുപടിയ്ക്ക്

## ചിമ്മിനി ഡാമിന്റെ സുരക്ഷ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. മുരളി പെരുനെല്ലി<br>പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ചിമ്മിനി ഡാമിന്റെ സുരക്ഷ സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;<br><br>(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) &<br>(ബി) ഡാമിന് തീവ്രവാദ ഭീഷണി ഉള്ളതായി ഇന്റലിജൻസ് റിപ്പോർട്ട് നിലവിൽ ഉണ്ട്. |
| (സി) ഡാമിന്റെ സുരക്ഷ സംബന്ധിച്ച് ഡാം സുരക്ഷാ അതോറിറ്റി പരിശോധന ആരംഭിച്ചിട്ടുണ്ടോ;<br><br>(ഡി) ഡാമിന്റെ ചോർച്ച പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) &<br>(ഡി) ഉണ്ട്. കേരള ഡാം സുരക്ഷാ അതോറിറ്റി 27.10.2006 ൽ ഈ ഡാം പരിശോധന നടത്തി. ഈ പരിശോധനയുടെ അടിസ്ഥാനത്തിൽ ഡാമിന്റെ ബലപ്പെടുത്തലുമായി ബന്ധപ്പെട്ട് ഗ്രൗട്ടിംഗ്, ഗൺനൈറ്റിംഗ്, ഡ്രെയിനേജ് ഹോളുകളുടെ നിർമ്മാണം തുടങ്ങിയവ അടിയന്തിരമായി നടത്താൻ നിർദ്ദേശം നൽകുകയുണ്ടായി. പ്രസ്തുത പണികൾ പൂർത്തിയാകുന്നതുവരെ ജലവിതാനം പൂർണ്ണ ജലനിരപ്പിൽ നിന്നും 3 മീറ്റർ താഴ്ത്തി നിർത്തുന്നതിനും ചോർച്ച തടയുന്നതിനുമുള്ള പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചു. അപ്രകാരം നടപടി സ്വീകരിച്ചുവരുന്നു. |
| (ഇ) ഡാം നിർമ്മാണത്തിലെ അപാകത അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഇ) ഡാം നിർമ്മാണത്തിലെ അപാകതകൾ സംബന്ധിച്ച് സംസ്ഥാന വിജിലൻസ് വകുപ്പ് അന്വേഷണം നടത്തിവരുന്നു. |

അന്വേഷണ റിപ്പോർട്ട് ലഭിച്ച ശേഷം അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 380 — 09.07.2009-ൽ മറുപടിക്ക്

## പൗരാവകാശരേഖ പ്രസിദ്ധീകരിച്ച ശേഷമുള്ള കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. പി.ടി.എ. റഹിം | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പൗരാവകാശ രേഖ പ്രസിദ്ധീകരിച്ച ശേഷം കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചതിന് ശേഷം കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെട്ടതായാണ് പ്രാഥമിക വിവരം. പൗരാവകാശ രേഖ പ്രകാരമുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയിൽ നടപ്പിലാക്കി വരികയാണ്. |
| (ബി) | ഏഴു ദിവസത്തിനുള്ളിൽ പുതിയ വാട്ടർ കണക്ഷൻ നൽകാൻ കഴിയുന്നുണ്ടോ; | (ബി) | റോഡ് കട്ടിംഗ് പോലുള്ള സാങ്കേതിക തടസ്സങ്ങളൊന്നും ഇല്ലെങ്കിൽ തിരുവനന്തപുരം നഗരം ഉൾപ്പെടെയുള്ള പ്രധാന നഗരങ്ങളിൽ ഏഴു ദിവസത്തിനകം ഗാർഹികാവശ്യത്തിനുള്ള വാട്ടർ കണക്ഷൻ നൽകുന്നുണ്ട്. |
| (സി) | ഇ- ടെൻഡറിംഗ് ഏർപ്പെടുത്തിയതിനെ തുടർന്ന് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കുമോ: | (സി) | ടെൻഡർ പ്രക്രിയയിൽ സുതാര്യത ഉറപ്പു വരുത്തുന്നതിനും ദർഘാസ് ലഭിച്ചു കഴിഞ്ഞാൽ കുറഞ്ഞ സമയത്തിനുള്ളിൽ അവ പരിശോധിച്ച് ടെൻഡർ നടപടികൾ പൂർത്തിയാക്കാനും ഇതുമൂലം സാധിക്കുന്നു. ദർഘാസ് പ്രമാണങ്ങൾ അച്ചടിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുകയും കരാറുകാർക്ക് യഥാ സമയം ദർഘാസ് നൽകുവാനും ഇതുമൂലം സാധിക്കുന്നു. യോഗ്യരായ കരാറുകാർക്ക് മാത്രമേ ഇ-ടെൻഡറിംഗിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. കൂടാതെ കേരളത്തിന് |

| | | | |
|---|---|---|---|
| | | | പുറത്തുള്ള കരാറുകാർക്കും ടെൻഡറിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നു. |
| (ഡി) | പുതുതായി ഏർപ്പെടുത്തിയ ബ്ലൂ ബ്രിഗേഡ് സംവിധാനം തൃപ്തികരമാണോ എന്ന് വ്യക്തമാക്കുമോ ? | (ഡി) | ബ്ലൂ ബ്രിഗേഡ് സംവിധാനത്തിന്റെ പ്രവർത്തനം തൃപ്തികരവും കാര്യക്ഷമവുമാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

**പതിനൊന്നാം സമ്മേളനം**

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 381 | 09.07.2009 -ൽ മറുപടിയ്ക്ക് |
|---|---|

വികലാംഗ സർട്ടിഫിക്കറ്റ് നൽകുന്നതിലെ കാലതാമസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ:<br>ശ്രീമതി. ജെ. അരുന്ധതി:<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിക്സ്:<br>ശ്രീ. കെ.ടി. ജലീൽ:<br>ശ്രീമതി. കെ.കെ. ലതിക: | | ശ്രീമതി .പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | വികലാംഗരായ ആൾക്കാർക്ക് വികലാംഗ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും ലഭിക്കുന്നതിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുവാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (എ) | വികലാംഗർക്ക് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് തലത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് എല്ലാ വികലാംഗർക്കും വികലാംഗ സർട്ടിഫിക്കറ്റും ഐഡന്റിറ്റി കാർഡും നൽകുന്നതിനുള്ള നടപടികൾ കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന സ്വീകരിച്ചു വരുന്നു. |
| (ബി) | 2001 - ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് എത്ര വികലാംഗർ ഉണ്ട്; ഇപ്പോൾ എത്ര പേർക്ക് വികലാംഗ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും ലഭിച്ചിട്ടുണ്ട്; | (ബി) | 2001 - ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് 8,60,794 വികലാംഗരുണ്ട്. ഇതിൽ 1,32,213 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്. |
| (സി) | വികലാംഗ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം ആർക്കാണ്; | (സി ) | വികലാംഗ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ ചില താലൂക്ക് ആശുപത്രികൾ എന്നിവയോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടുന്ന സ്റ്റാൻഡിംഗ് ഡിസെബിലിറ്റി അസസ്സ്മെന്റ് ബോർഡുകൾക്കാണ്. |

| | | | |
|---|---|---|---|
| (ഡി) | മെഡിക്കൽ ബോർഡ് കൂടുതൽ ദിവസങ്ങളിൽ ചേരുന്നതിനും ആ ദിവസങ്ങളിൽ പ്രസ്തുത കേന്ദ്രങ്ങളിൽ പരമാവധി വികലാംഗരെ എത്തിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ; | (ഡി) | ആരോഗ്യ വകുപ്പിനു കീഴിൽ നിയമാനുസൃതം രൂപീകരിച്ചിട്ടുള്ള മെഡിക്കൽ ബോർഡ് കൂടുതൽ ദിവസങ്ങളിൽ ചേരുന്നതിനും ആ ദിവസങ്ങളിൽ പ്രസ്തുത കേന്ദ്രങ്ങളിൽ പരമാവധി വികലാംഗരെ എത്തിക്കുന്നതിനും നടപ്പു വർഷം വികലാംഗർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനുമായി 3 കോടി രൂപ നടപ്പു വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടു കൂടി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് അംഗൻവാടി വർക്കർമാർ മറ്റ് സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തി മുഴുവൻ വികലാംഗരെയും ക്യാമ്പിൽ എത്തിക്കുവാനുള്ള നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) | വികലാംഗർക്ക് വികലാംഗ പെൻഷനും മറ്റു ആനുകൂല്യങ്ങളും നഷ്ടപ്പെടാതിരിക്കാനായി ഇക്കാര്യത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് അടിയന്തിര നടപടി സ്വീകരിക്കുമോ; | (ഇ) | വികലാംഗർക്ക് വികലാംഗ പെൻഷനും മറ്റു ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് വികലാംഗ സർട്ടിഫിക്കറ്റ്/ഐഡൻറിറ്റി കാർഡ് എന്നിവ ആവശ്യമായതിനാൽ എല്ലാ വികലാംഗരെയും കണ്ടെത്തി മെഡിക്കൽ സർട്ടിഫിക്കറ്റ്/ഐഡൻറിറ്റി കാർഡ് വിതരണം ചെയ്യുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (എഫ്) | വികലാംഗർക്കായി എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വെളിപ്പെടുത്തുമോ? | (എഫ്) | വികലാംഗർക്ക് സഹായ ഉപകരണങ്ങൾ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുന്നതാണ്. |

Mary Melani Netto

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 382 — 09.07.2009-ൽ മറുപടിക്ക്

**മെഡിക്കൽകോളേജാശുപത്രികളിലെ മരുന്ന് പരീക്ഷണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.വാഹിദ്<br>ശ്രീ. വർക്കല കഹാർ:<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ: | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തുള്ള മെഡിക്കൽ കോളേജാശുപത്രികളിലെരോഗികളിൽ വിദേശമരുന്നുകമ്പനികൾ മരുന്നുപരീക്ഷണംനടത്തുന്നുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) വിദേശമരുന്നുകമ്പനികൾക്ക് സംസ്ഥാനത്തുള്ള ആശുപത്രികളിലെ രോഗികളിൽ മരുന്നു പരീക്ഷണം നടത്തുന്നതിനുള്ള നടപടിക്രമവും വ്യവസ്ഥകളും എന്തെല്ലാമാണ്; | (ബി) പുതിയമരുന്നിന് ക്ളിനിക്കൽ ട്രയൽ നടത്തുന്നതിന് ഡ്രഗ്സ് കൺട്രോളർ ജനറൽ (ഇൻഡ്യ) -ൻെറയും അതാത് എത്തിക്സ് കമ്മിറ്റിയിൽ നിന്നുമുള്ള അനുമതിയും ആവശ്യമാണ്. ഇതു സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഡ്രഗ്സ് ആൻ്റ് കോസ്മെറ്റിക്സ് റൂളിൽ വ്യക്തമാക്കിയിട്ടുണ്ട്. പുതിയ മരുന്നുകൾ ഇറക്കുമതി ചെയ്യാനോ നിർമ്മിക്കുന്നതിനോ , വിതരണം ചെയ്യുന്നതിനോ, ക്ളിനിക്കൽ ട്രയൽ നടത്താനോ ഉള്ള വ്യവസ്ഥകൾ അതിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (സി) ഈ നടപടിക്രമങ്ങളെയും വ്യവസ്ഥകളെയും ലംഘിച്ചുകൊണ്ട് സംസ്ഥാനത്തുള്ള ആശുപത്രികളിലെ രോഗികളിൽ മരുന്നുപരീക്ഷണം നടക്കുന്നുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) എങ്കിൽ ഏതെല്ലാം മെഡിക്കൽ കോളേജിൽ എന്ന് വ്യക്തമാക്കുമോ; | (ഡി) ചോദ്യം ഉദിക്കുന്നില്ല. |
| (ഇ) ഈ പരീക്ഷണങ്ങൾ പരാജയപ്പെടുകയും രോഗികളുടെ ആരോഗ്യത്തിന് തകരാറുണ്ടാവുകയും ചെയ്തിട്ടുള്ള സംഭവങ്ങൾ ഇക്കഴിഞ്ഞ രണ്ടുവർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങളിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (ഇ) ചോദ്യം ഉദിക്കുന്നില്ല |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ **383** 9.7.2009 -ൽ മറുപടിയ്ക്ക്

## ബൗദ്ധിക സ്വത്തവകാശ നയം

**ചോദ്യം**

ശ്രീ. മഞ്ഞളാംകുഴി അലി :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീമതി കെ.എസ്. സലീഖ :
ശ്രീ. കെ.ടി. ജലീൽ:

(എ) ബൗദ്ധിക സ്വത്തവകാശ നയം നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) ബൗദ്ധിക സ്വത്തവകാശ നയം നടപ്പാക്കുന്നതിനുള്ള സൂപ്പർവൈസറി കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ;

**ഉത്തരം**

ശ്രീ. എം. വിജയകുമാർ
(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി)

കേരള ബൗദ്ധിക സ്വത്തവകാശനയം, 2008 നിലവിൽ വന്നതിന് ശേഷം പ്രസ്തുത നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന് ടി നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട സർക്കാർ സമിതിയായ **ബൗദ്ധികസ്വത്തവകാശ മേൽനോട്ട സമിതി [SUPERVISORY COUNCIL ON INTELLECTUAL PROPERTY (SCIP)]** 22/12/2008 ലെ ജി.ഒ.(എം.എസ്.) നം.127/08/നിയമം പ്രകാരം രൂപീകരിക്കുകയുണ്ടായി അതിലെ അംഗങ്ങൾ താഴെപ്പറയുന്നവരാണ്.

ചെയർമാൻ - മുഖ്യമന്ത്രി
വൈസ്ചെയർമാൻ - നിയമമന്ത്രി

**അംഗങ്ങൾ:-**

1. വിദ്യാഭ്യാസവകുപ്പ് മന്ത്രി
2. വ്യവസായവകുപ്പ് മന്ത്രി
3. ആരോഗ്യവകുപ്പ് മന്ത്രി

4. കൃഷിവകുപ്പ് മന്ത്രി
5. ധനകാര്യവകുപ്പ് മന്ത്രി
6. വനംവകുപ്പ് മന്ത്രി
7. ജലവിഭവവകുപ്പ് മന്ത്രി
8. നിയമവകുപ്പ് സെക്രട്ടറി (എക്സ് ഒഫീഷ്യോ)
9. സെക്രട്ടറി, ശാസ്ത്ര സാങ്കേതിക വകുപ്പ് (എക്സ് ഒഫീഷ്യോ)
10. സംസ്ഥാന ജൈവവൈവിധ്യ ബോർഡിൻെറ ചെയർമാൻ (എക്സ് ഒഫീഷ്യോ)
11. കേരള പാരമ്പര്യ വിജ്ഞാന അതോറിറ്റിയുടെ ചെയർമാൻ (എക്സ് ഒഫീഷ്യോ)
12. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയിൽ നിന്നുള്ള ഒരംഗം
13. ആസൂത്രണ ബോർഡിൻെറ വൈസ്ചെയർമാൻ (എക്സ് ഒഫീഷ്യോ)
14. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആൻറ് എൺവയെൺമെന്റിൻെറ എക്സിക്യൂട്ടീവ് വൈസ്പ്രസിഡൻറ് (എക്സ് ഒഫീഷ്യോ)
15. കേരള സംസ്ഥാന വ്യവസായവികസന കോർപ്പറേഷൻെറ മാനേജിംഗ് ഡയറക്ടർ (എക്സ് ഒഫീഷ്യോ)
16. നിയമ (നോഡൽ) വകുപ്പ് അഡീഷണൽ സെക്രട്ടറി (കൺവീനർ)

| | |
|---|---|
| (സി) നയം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് എടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | ബൗദ്ധികസ്വത്തവകാശനയത്തിൽ വിഭാവനം ചെയ്തിട്ടുള്ള കാര്യങ്ങളിൽ നിയമനിർമ്മാണ സാധ്യതയെപ്പറ്റി നിയമവകുപ്പ് വിശകലനം ചെയ്തുവരികയാണ്. പരമ്പരാഗത വിജ്ഞാനം സംരക്ഷിക്കുന്നതിന് കേരള പരമ്പരാഗത വിജ്ഞാന അതോറിറ്റി എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കും. ഇതിൽ ആദ്യഗണത്തിൽപ്പെടുന്ന എല്ലാ പരമ്പരാഗത വിജ്ഞാന പ്രവർത്തകരെയും രജിസ്റ്റർ ചെയ്യും. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്നവർ ഉപയോഗിക്കുന്ന അറിവുകളെ സംബന്ധിച്ച വിവരം കെ.റ്റി.കെ.എ. പരസ്യപ്പെടുത്തും. അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് കേരള ട്രഡീഷണൽ നോളജ് അതോറിറ്റിക്ക് ചുമതലയുണ്ടായിരിക്കും കേരള ട്രഡീഷണൽ നോളജ് അതോറിറ്റി (കെ.റ്റി.കെ.എ) യും സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡും പരമ്പരാഗത വിജ്ഞാനം സംരക്ഷിക്കുന്നതിന് വേണ്ടി എടുക്കുന്ന നടപടികൾക്ക് ബൗദ്ധികസ്വത്തവകാശ മേൽനോട്ട സമിതി മേൽനോട്ടം വഹിക്കും. |

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *384 — 09-07-2009-ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പളപരിഷ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. രാഘവൻ :<br>" കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>" എം.ജെ. ജേക്കബ് :<br>ശ്രീമതി. ജെ. അരുന്ധതി :<br>ശ്രീ. വി.ജെ. തങ്കപ്പൻ : | ശ്രീ. എളമരം കരീം<br>(വ്യവസായവകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ മൂന്നു വർഷ കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ പുതുതായി എത്ര പേരെ നിയമിച്ചു എന്ന് വ്യക്തമാക്കുമോ ; | (എ) കഴിഞ്ഞ മൂന്നു വർഷ കാലയളവിൽ വ്യവസായവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 775 പേരെ പുതുതായി നിയമിച്ചു. |
| (ബി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ; | (ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്നതും BIFR-ന്റെ പരിധിയിൽ വരുന്നതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെ ബാക്കിയുള്ളവയിൽ നിയമനത്തിന് തടസ്സമില്ല. |
| (സി) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും ജീവനക്കാർക്കും ശമ്പള പരിഷ്കരണം നടത്തിയിട്ടുണ്ട് ; | (സി) വ്യവസായവകുപ്പിന്റെ കീഴിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു. |
| (ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും ജീവനക്കാർക്കും ശമ്പളപരിഷ്കരണം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുമ്പോൾ ആവശ്യമായ അധിക തുക പ്രത്യേകം കണ്ടെത്തേണ്ടതുണ്ട്. അതിനാൽ അത്തരം സ്ഥാപനങ്ങളെ നവീകരണ പദ്ധതികൾ കൊണ്ട് ലാഭകരമാക്കി ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം-1

| Sl. No. | Name of Company | |
|---|---|---|
| 1 | Steel and Industrial Forgings Limited | തൊഴിലാളികൾക്കും എക്സിക്യൂട്ടീവ്സിനും ശമ്പള പരിഷ്ക്കരണം നടപ്പാക്കിയിട്ടുണ്ട്. |
| 2 | SIDCO | സ്റ്റാഫ് കാറ്റഗറിക്കാർക്ക് ശമ്പളം പരിഷ്ക്കരിച്ചു. തൊഴിലാളികളുടെ ശമ്പളപരിഷ്ക്കരണം നടത്തിയിട്ടില്ല. |
| 3 | KSIDC Ltd | 2008-ൽ നടത്തിയിട്ടുണ്ട്. |
| 4 | Malabar Cements Ltd | ശമ്പള പരിഷ്ക്കരണം നടത്തിയിട്ടുണ്ട്. |
| 5 | KMML | വർക്കർ തസ്തികക്കാർക്ക് ശമ്പളം പരിഷ്ക്കരിച്ചു. ഓഫീസർ തസ്തികക്കുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. |
| 6 | Kerala Clays and Ceramic Products Limited | 2006-ൽ ശമ്പളം പരിഷ്ക്കരിച്ചു. |
| 7 | The Travancore Cochin Chemicals Limited | ശമ്പളപരിഷ്ക്കരണം നടത്തിയിട്ടുണ്ട്. |
| 8 | United Electrical Industries Limited | ശമ്പളപരിഷ്ക്കരണം നടത്തിയിട്ടുണ്ട്. |
| 9 | Transformers and Electricals Kerala Limited | ശമ്പളപരിഷ്ക്കരണം സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിരിക്കുകയാണെങ്കിലും കമ്പനി ശമ്പളപരിഷ്ക്കരണം നടപ്പിലാക്കിയിട്ടുണ്ടെന്നാണ് റിപ്പോർട്ടു ചെയ്തിരിക്കുന്നത്. |
| 10 | The Kerala Ceramics Limited | ശമ്പള പരിഷ്ക്കരണം നടത്തിയിട്ടുണ്ട്. |
| 11 | KSIE | മാനേജർ കാറ്റഗറിക്കാർക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. സ്റ്റാഫ് കാറ്റഗറിയിൽ നടപ്പിലാക്കുവാനുണ്ട്. |
| 12 | Kerala Khadi & Village Industries Board | ഖാദി ബോർഡിൽ ശമ്പളപരിഷ്ക്കരണം സംസ്ഥാന ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം നടത്തുമ്പോഴാണ് ചെയ്യുന്നത്. |

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 385. | 9. 7. 2009 -ൽ മറുപടിയ്ക്ക്

## സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനും പ്രഭുറാം മിൽ നവീകരണവും.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ. എ.എ. അസീസ്. | | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ പരിധിയിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ; | ബി) | കോട്ടയം ടെക്സ്റ്റൈയിൽസ് ഏപ്രിൽ മാസത്തിൽ 2.75 ലക്ഷം രൂപയുടേയും മെയ് മാസത്തിൽ 8.10 ലക്ഷം രൂപയുടെയും ധനലാഭം നേടുകയുണ്ടായി. |
| സി) | ഏതെങ്കിലും സ്ഥാപനങ്ങളെ നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | സി) | ഉണ്ട്. കേരള ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള കോട്ടയം ടെക്സ്റ്റൈയിൽസ്, പ്രഭുറാം മിൽസ്, എടരിക്കോട് ടെക്സ്റ്റൈയിൽസ്, മലബാർ സ്പിന്നിംഗ് ആൻറ് വീവിംഗ് മിൽസ് എന്നിവയിൽ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. |

| | | | |
|---|---|---|---|
| ഡി) | ചെങ്ങന്നൂർ പ്രഭുറാം മിൽ നവീകരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ? | ഡി) | ചെങ്ങന്നൂർ പ്രഭുറാം മില്ലിൽ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. |

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 09.07.2009 ൽ മറുപടിയ്ക്ക്

ചോദ്യം നം. : 386

## തേക്കടി കനാലിന്റെ ആഴം വർദ്ധിപ്പിക്കുന്നതുമൂലം സംസ്ഥാനത്ത് ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എൻ.വാസവൻ :<br>ശ്രീ.അൽഫോൺസ് കണ്ണന്താനം :<br>ശ്രീ.കെ.കെ.ജയചന്ദ്രൻ :<br>ശ്രീ.എസ്.രാജേന്ദ്രൻ :<br>ശ്രീ.രാജു എബ്രഹാം : | ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ<br>(ബഹു: ജലവിഭവ വകുപ്പുമന്ത്രി) |
| എ) മുല്ലപ്പെരിയാർ അണക്കെട്ടിൽ നിന്നും കൂടുതൽ ജലം കടത്തുന്നതിന് തേക്കടി കനാലിന്റെ ആഴം കൂട്ടുന്നതിന് തമിഴ്നാട് നീക്കം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) തേക്കടി കനാലിന്റെ ആഴം വർദ്ധിക്കുന്നതുമൂലം സംസ്ഥാനത്ത് ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ എന്തെല്ലാമെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | ബി) ഉണ്ട്.<br><br>ലീഡിംഗ് ചാനലിന്റെ ആഴം കൂട്ടുന്നതോടൊപ്പം തമിഴ്നാട്ടിലേയ്ക്കുള്ള ഡൈവേർഷൻ ടണലിന്റെ സീൽ ലെവൽ 104 അടിയിൽ നിന്നും താഴ്ത്തി തമിഴനാട് ജലം കൊണ്ടുപോകുന്ന പക്ഷം മുല്ലപ്പെരിയാർ ഡാമിന്റെ റിസർവോയർ ലെവൽ 104 അടിയിൽ താഴുന്നതാണ്. റിസർവോയറിന്റെ ജലനിരപ്പ് ഇപ്രകാരം താഴുകയാണെങ്കിൽ അത് തേക്കടി വന്യജീവി സങ്കേതത്തിലെ സസ്യമൃഗാദികളെ ദോഷമായി ബാധിക്കും. ഇത് ടൂറിസം മേഖലയെയും ബാധിക്കുന്നതാണ്. ടൂറിസ്റ്റുകളുടെ എണ്ണം കുറയുന്നത് അതുമായി ബന്ധപ്പെട്ട് ഉപജീവനം കഴിക്കുന്ന തദ്ദേശവാസികളുടെ സാമ്പത്തിക സ്ഥിതിയെയും ബാധിച്ചേക്കാം. |

| | | | |
|---|---|---|---|
| (സി) | കനാലിന്റെ ആഴംകൂട്ടുന്നത് തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | സി) | ഉണ്ട്.<br><br>കനാലിന്റെ ആഴം കൂട്ടുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ കേരള സർക്കാരിന്റെ ആശങ്ക തമിഴ്നാട് സർക്കാരിനെ ഇതിനകം തന്നെ അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നടത്തിയതായി പറയുന്ന സർവ്വേ ജോലികൾ നിറുത്തിവയ്ക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>പ്രസ്തുത സ്ഥലത്തെ ദൈനംദിന സംഭവ വികാസങ്ങൾ സസൂക്ഷ്മം വീക്ഷിച്ച് ഡെയിലി റിപ്പോർട്ട് ചീഫ് എൻജിനീയർ (ISW)-ക്ക് ലഭ്യമാക്കുവാൻ ബന്ധപ്പെട്ട ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *387 09-07-2009-ൽ മറുപടിക്ക്

സംസ്ഥാനത്തിന്റെ പൊതുമേഖലയിലെ കേന്ദ്രനിക്ഷേപം.

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഉമ്മർ : | | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തിന്റെ പൊതുമേഖലയിലെ കേന്ദ്രനിക്ഷേപം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ; | (എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ കേന്ദ്രസർക്കാർ ഏജൻസികളുമായും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായും സംയുക്ത സംരംഭങ്ങളിലൂടെയും തന്ത്രപരമായ സഖ്യങ്ങളിലൂടെയും കേന്ദ്ര നിക്ഷേപം വർദ്ധിപ്പിക്കാനാണ് നടപടികൾ എടുത്തിട്ടുള്ളത്. |
| (ബി) | പൊതുമേഖലയിലെ സമാനസ്വഭാവമുള്ള ചെറുകിട സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് വൻ വ്യവസായങ്ങളാക്കി മാറ്റാൻ എന്തെങ്കിലും പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ; | (ബി) പൊതുമേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമാനസ്വഭാവമുള്ള പൊതുമേഖലാസ്ഥാപനങ്ങളെ ഏകോപിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

(സി) സമാനസ്വഭാവമുള്ള പൊതുമേഖലാസ്ഥാപനങ്ങളെ ഏകോപിപ്പിച്ചു വൻവ്യവസായങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി താഴെക്കൊടുത്തിട്ടുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

Sitharam Textiles, Trivandrum Spinning Mills എന്നീ സ്ഥാപനങ്ങളെ Kerala State Textile Corporation - ന്റെ യൂണിറ്റുകളാക്കി മാറ്റി. Keltron Magnetics Ltd., Keltron Resistors Ltd., Keltron Crystals Ltd. എന്നീ സ്ഥാപനങ്ങളെ Keltron Component Complex മായി ലയിപ്പിക്കുന്നതിന് സർക്കാർ ഉത്തരവായി. അതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു. താഴെകൊടുത്തിട്ടുള്ള സമാന സ്വഭാവമുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള സാദ്ധ്യതകളും സർക്കാർ പരിശോധിച്ചു വരികയാണ്.

(1) Kerala Minerals & Metals Limited, Travancore Titanium Products Ltd and Travancore Cochin Chemicals Ltd

(2) Malabar Cements Ltd and Travancore Cements Ltd.

(3) Kerala Ceramics Ltd and Kerala Clays & Ceramic Products Ltd.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 388

9.7.2009-ൽ മറുപടിക്ക്

പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനും ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.വി.ജെ.തങ്കപ്പൻ<br>ശ്രീ.എ.എം.യൂസഫ്<br>ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീമതി.പി.അയിഷാപോറ്റി | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനും ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനും ഉൽപന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും സർക്കാർ സ്വീകരിച്ച നടപടികളുടെ ഭാഗമായി 2009-10 കാലയളവിൽ ഏകദേശം 250 കോടിയിൽപരം രൂപയുടെ പദ്ധതിയാണ് വ്യവസായ വകുപ്പിന്റെ കീഴിലുള്ള 18 പൊതുമേഖലാ സ്ഥാപനങ്ങളിലായി വിഭാവനം ചെയ്തിരിക്കുന്നത്. സർക്കാർ ധനകാര്യ സ്ഥാപനങ്ങളുമായി പല തലങ്ങളിൽ നടത്തിയ ചർച്ചകളുടെ ഫലമായും, വ്യവസായ സ്ഥാപനങ്ങളും, ധനകാര്യ സ്ഥാപനങ്ങളുമായിട്ടുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനായി നടത്തിയ ശ്രമങ്ങളുടെ ഫലമായും പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ പദ്ധതി നടത്തിപ്പിനായിട്ടുള്ള ധനസഹായ അപേക്ഷകളോട് പിന്തുണയ്ക്കുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ അവയുടെ പ്രവർത്തന ലാഭത്തിൽ നിന്നും, മറ്റുള്ളവർ സർക്കാരിൽ നിന്നും, കേരളാ ഫിനാൻഷ്യൽ എന്റർപ്രൈസസിൽ നിന്ന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള ധനസഹായത്തിന്മേലാണ് പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്.<br><br>**സ്വീകരിച്ചുവരുന്ന നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.**<br><br>• സ്ഥാപനങ്ങളുടെ നവീകരണത്തിന്റെയും ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്ക്കരണത്തിന്റെയും ഭാഗമായി പ്രവർത്തന മാന്ദ്യം നേരിട്ടിരുന്ന ചുവടെ കൊടുത്തിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ അവയുടെ സുസ്ഥിരമായ ഭാവി ഉറപ്പിൽ വരുത്തുന്നതിലേയ്ക്കായും അവയുടെ തന്നെ |

പ്രവർത്തന മേഖലയിൽ കഴിവു തെളിയിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭത്തിലേർപ്പെടുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

- Transformers & Electricals Kerala Ltd (TELK)-ന് NTPC യുമായി സംയുക്ത സംരംഭത്തിൽ ഏർപ്പെടുന്നതിനുള്ള കരാറിൽ ഏർപ്പെട്ട് (23-06-2007) നടപടികൾ സ്വീകരിച്ചുവരുന്നു.
- Kerala Hi-Tech Industries Ltd-നെ പ്രതിരോധവകുപ്പിന്റെ അധീനതയിലുള്ള ബ്രഹ്മോസ് എന്ന സ്ഥാപനത്തിന് 31st December 2007-ൽ കൈമാറി.

- Steel Industrials Kerala Ltdന്റെ അനുബന്ധസ്ഥാപനമായ Autokast Ltd ഉം, ചേർത്തലയിലുള്ള Steel Fabrication Unit ന്റെയും സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് ഇൻഡ്യൻ റയിൽവേയുമായി സഹകരിച്ചു സംയുക്ത മേഖലയിൽ പാസഞ്ചർ കോച്ചിനു വേണ്ടി ഒരു ഫാബ്രിക്കേറ്റഡ് ബോഗി കംപോനൻറ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കാനുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു. ഇതിനുവേണ്ടി രൂപീകരിക്കുന്ന Kerala Rail Components Ltd എന്ന കമ്പനിയ്ക്കുവേണ്ടിയുള്ള ജോയിൻറ് വെഞ്ചർ കരാർ കേരളസർക്കാരും, കേന്ദ്ര റയിൽവേ മന്ത്രാലായവുമായി 27th Feb 09 തീയതി ഒപ്പുവെച്ചു.

- Steel Complex Ltd-ന് Steel Authority of India Ltd യുമായി സംയുക്ത സംരംഭത്തിൽ ഏർപ്പെടുന്നതിനുള്ള കരാറിൽ ഏർപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

- KEL, Kasargode -ന് Bharat Heavy Electricals Ltd (BHEL)-യുമായി സംയുക്ത സംരംഭത്തിൽ ഏർപ്പെടുന്നതിനുള്ള കരാറിൽ ഏർപ്പെട്ട് (3rd February 2009) നടപടികൾ സ്വീകരിച്ചുവരുന്നു.

- KELTRON -ന് Bharat Electronics Ltd (BEL)-മായി സംയുക്ത സംരംഭത്തിൽ ഏർപ്പെടുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

- SIFL, KELTRON units, KEL, Autokast, KAL എന്നി സ്ഥാപനങ്ങൾക്ക് VSSC, പ്രതിരോധ വകുപ്പ് മുതലായ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽനിന്നും ഓർഡറുകൾ ലഭ്യമാക്കുവാൻ സാധിച്ചു.

- വ്യവസായവകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജ്മെൻറ് സംവിധാനം ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി സമർത്ഥരായ ചീഫ് എക്സിക്യൂട്ടീവ്മാരെ സുതാര്യമായ നടപടിക്രമങ്ങളിലൂടെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ സമർത്ഥരായവരെ ലഭിക്കുന്നതിനായി പൊതുമേഖലാസ്ഥാപനങ്ങളുടെ മേധാവികളുടെ ശമ്പളം കാറ്റഗറി അനുസരിച്ച് വർദ്ധിപ്പിക്കുവാനുള്ള ഉത്തരവും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

- വ്യവസായവകുപ്പിൻെറ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം റിയാബ് മുഖേന ശക്തിപ്പെടുത്തി. ഓരോ മാസവും നടത്തുന്ന പ്രവർത്തന അവലോകനത്തിൽ കഴിഞ്ഞമാസം കൈവരിച്ച ഉൽപാദനക്ഷമതയും പരിശോധിച്ച് കുറവുണ്ടെങ്കിൽ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

- വ്യവസായവകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിനായുള്ള പരിശീലന പരിപാടികൾ RIAB മുഖേനയും, കമ്പനിതലത്തിലും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- ഓരോ വർഷത്തേയും പ്രവർത്തനം സംബന്ധിച്ച് ബജറ്റും പദ്ധതിയും നേരത്തെ തയ്യാറാക്കുന്നു. അത് കൈവരിക്കുന്നതിൻെറ പുരോഗതി മാസാമാസം അവലോകനം നടത്തുകയും ചെയ്യുന്നു.

7

- ഉൽപ്പാദനക്ഷമതയും, ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിന് തൊഴിലാളി സംഘടനകളുമായി കരാറുണ്ടാക്കുവാൻ മാനേജ്മെൻറ് തലത്തിൽ നടപടികൾ സ്വീകരിച്ചു.
- കമ്പനികളിലെ ഇൻേറണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനു വേണ്ടി സർക്കാർ RIAB മുഖേന ചാർട്ടേർഡ് അക്കൗണ്ടൻറ്സിൻെറ ഒരു പാനൽ തയ്യാറാക്കി അംഗീകരിക്കുകയും സ്ഥാപനങ്ങളോട് ഈ പാനലിൽ നിന്നു മാത്രമേ ഇൻേറണൽ ഓഡിറ്റേഴ്സിനെ നിയമിക്കാവൂയെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.
- കഴിഞ്ഞ മൂന്നു വർഷ കാലയളവിൽ സംസ്ഥാന ബഡ്ജറ്റിൽ നിന്നും വ്യവസായവകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കായി നവീകരണ പ്രവർത്തനമുൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി നൽകിയ ധനസഹായത്തിൻെറ വിവരങ്ങൾ താഴെ ചേർക്കുന്നു.

(Rs. in Crores)

| | 2006-07 | 2007-08 | 2008-09 | Total |
|---|---|---|---|---|
| 1. One Time Settlement With Banks/Fis | 11.18 | 28.39 | 20.88 | 60.45 |
| 2. Settlement of balance VRS/SSNP dues in PSUs | 14.30 | 9.59 | 5.91 | 29.79 |
| 3. Modernisation/ Revival/ restructuring | 12.73 | 5.93 | 24.53 | 43.19 |
| 4. Working capital/ holding on operations | 14.80 | 4.62 | 8.12 | 27.54 |
| **TOTAL** | 53.00 | 48.54 | 59.44 | 160.98 |

*Note:-* *2008-09 വർഷം* Travancore Titanium Products Ltd-*ന് നൽകിയ 10 കോടിരൂപയിൽ 3 കോടിരൂപ Contingency fund-ൽ നിന്നുമാണ് നൽകിയത്.*

2009-10 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ

പുനരുദ്ധാരണത്തിനായി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട് [for the Rejuvenation and Revival of viable PSUs] കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനും, വിപുലീകരണത്തിനും. KIRFB Bonds-ന്റെ തിരിച്ചടവിനായും KFC-ൽ നിന്നും soft loan അനുവദിക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം സ്ഥാപനങ്ങളിലാണ് ഇപ്പോൾ സാങ്കേതിക വിദ്യ നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്;

(ബി) **2009-10** സാമ്പത്തിക വർഷം ആധുനിക വത്കരണ നടപടികൾ നടപ്പിലാക്കുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| Sl. No | Company | Project |
|---|---|---|
| 1 | Forest Industries (Travancore) Ltd | Modernisation of factory (being subject to revision) |
| 2 | Keltron Electro Ceramics Ltd | Transducer |
| 3 | Kerala Electrical & Allied Engineering Company Ltd | Industrial traction motors/ Power transformer |
| 4 | Kerala State Bamboo Corporation Ltd | Bamboo tiles project wih ACA |
| 5 | The Kerala Ceramics Ltd | Acquisition of land |
| 6 | The Travancore Cements Ltd | Pet Coke Fuel Conversion |
| 7 | Travancore Titanium Products Ltd | Capacity augmentation/ Copperas Recovery plant |
| 8 | United Electrical Industries Ltd. | Single Phase Multifunction Static Meter and Three Phase Multifunction Static Meter |
| 9 | Kerala Clays & Ceramic Products Ltd. | Expansion programme |
| 10 | Kerala State Drugs & Pharmaceuticals Ltd | GMP implementation and modernization (Total project cost comes to Rs. 3300 lakhs. Out of which Rs. 7 crores released during 2008-09) |

| | | |
|---|---|---|
| 11 | Steel and Industrial Forgings | 10 Ton Hammer & modernisation and Titanium Fastener unit |
| 12 | Traco Cable Company Ltd | modernization |
| 13 | Travancore Cochin Chemicals Ltd | 50 TPD Membrance Cell - Caustic Soda Plant |
| 14 | Kerala State Textiles Corporation Ltd & Co-operative Spinning Mills Ltd | Margin Money for Bulk cotton purchase |
| 15 | Kerala State Mineral Development Corporation Ltd | Construction of Mineral Concentration Plant at Alappad |
| 16 | KELPALM | Revival & Modernisation of Fibre Processing unit |

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പാദനക്ഷമത പൂർണ്ണതോതിൽ കൈവരിക്കുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിന്റെയും, പുനരുദ്ധാരണത്തിന്റെയും ഭാഗമായി ഉൽപ്പാദന ക്ഷമത പൂർണ്ണ തോതിൽ കൈവരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.

- വ്യവസായവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം റിയാബ് മുഖേന ശക്തിപ്പെടുത്തി.. ഓരോ മാസവും നടത്തുന്ന പ്രവർത്തന അവലോകനത്തിൽ കഴിഞ്ഞമാസം കൈവരിച്ച ഉൽപാദനക്ഷമതയും പരിശോധിച്ച് കുറവുണ്ടെങ്കിൽ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുവരുന്നു.
- ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിനായുള്ള പരിശീലന പരിപാടികൾ RIAB-മുഖേനയും, കമ്പനിതലത്തിലും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- ഓരോ വർഷത്തേയും പ്രവർത്തനം സംബന്ധിച്ച് ബജറ്റും പദ്ധതിയും നേരത്തെ തയ്യാറാക്കുന്നു. അത് കൈവരിക്കുന്നതിന്റെ പുരോഗതി മാസാമാസം അവലോകനം നടത്തുകയും ചെയ്യുന്നു.

- ഉൽപ്പാദനക്ഷമതയും, ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിന് തൊഴിലാളി സംഘടനകളുമായി കരാറുണ്ടാക്കുവാൻ മാനേജ്മെൻറ് തലത്തിൽ നടപടികൾ സ്വീകരിച്ചു.
- ജീവനക്കാരുടെ പ്രവർത്തനത്തിലുള്ള മികവിൻെറ അടിസ്ഥാനത്തിൽ കമ്പനിതലത്തിൽ പ്രത്യേക അവാർഡുകൾ ഏർപ്പെടുത്തി നൽകിവരുന്നു. കൂടാതെ ഏറ്റവും മികച്ച പൊതുമേഖല സ്ഥാപനത്തിനെയും, മികച്ച Chief Executive Officer- നെയും തെരഞ്ഞെടുത്ത് അവാർഡുകൾ 2006-07 വർഷം മുതൽ നൽകിവരുന്നു. മികച്ച ഇൻഡസ്ട്രിയൽ റിപ്പോർട്ടിംഗ് നടത്തിയ ലേഖകനും അവാർഡ് നൽകിവരുന്നു.

(ഡി) ഉല്പാദനക്ഷമതയുമായി ബന്ധപ്പെടുത്തി പ്രോത്സാഹനാനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി) ഉൽപ്പാദന ക്ഷമതയുമായി ബന്ധപ്പെട്ട് ആനുകൂല്യം നൽകുന്ന സ്കീം കൊണ്ടുവരുന്നത് വ്യവസായ സ്ഥാപനങ്ങളുടെ പുരോഗതിയ്ക്ക് വളരെയധികം പ്രയോജനപ്രദമാണ്. എന്തുകൊണ്ടെന്നാൽ ഉൽപ്പാദനക്ഷമത കൂടുന്നതിനൊപ്പം സ്ഥാപനങ്ങളുടെ ലാഭവും വർദ്ധിക്കുന്നതു മുൻനിർത്തിമാത്രമേ ഇത്തരത്തിലുള്ള സ്കീമുകൾ വിഭാവനം ചെയ്യുവാൻ കഴിയുകയുള്ളൂ. ഇതിനായി ട്രേഡ് യൂണിയനുകളുമായും, മേനേജ്മെൻറുമായും ചർച്ചകളിലൂടെ ഒരഭിപ്രായ സമന്വയം ഉണ്ടാകേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 389** **9.7.09-ൽ മറുപടിക്ക്**

**'കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള ആനുകൂല്യങ്ങൾ'**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. ജോർജ് മേഴ്സിയർ<br>ശ്രീ. അടൂർ പ്രകാശ് | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കൈത്തറി സഹകരണ സംഘങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട് ; കൈത്തറി സംഘങ്ങൾക്ക് മാനേജീരിയൽ ഇൻസെന്റീവ് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വിവിധ പദ്ധതികളിലൂടെ കൈത്തറി സംഘങ്ങൾക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.<br>കൈത്തറി സംഘങ്ങൾക്ക് മാനേജീരിയൽ ഇൻസെന്റീവ് നൽകുന്നതിനുള്ള നിർദ്ദേശമൊന്നും സർക്കാരിന്റെ പരിഗണനയിലില്ല. മാർക്കറ്റിംഗ് ഇൻസെന്റീവ് എന്ന സഹായം കൈത്തറി സംഘങ്ങൾക്ക് നൽകി വരുന്നുണ്ട്. |
| (ബി) അതിനുള്ള ചെലവ് സംസ്ഥാന സർക്കാരാണോ കേന്ദ്രസർക്കാരാണോ വഹിക്കുന്നത് ; ഈ തുക സംഘങ്ങൾക്ക് നേരിട്ടു നൽകുന്നതിനു പകരം ജില്ലാ സഹകരണ സംഘങ്ങളുടെ അക്കൗണ്ടിലേയ്ക്കു മാറ്റാനും | (ബി) മാർക്കറ്റിംഗ് ഇൻസെന്റീവ് 50% സംസ്ഥാന സർക്കാരും, 50% കേന്ദ്ര സർക്കാരും ചെലവു വഹിക്കുന്ന പദ്ധതിയാണ്. മാർക്കറ്റിംഗ് ഇൻസെന്റീവ് അതാതു ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർ വഴി കൈത്തറി |

| | |
|---|---|
| ഓരോ പ്രാഥമിക സംഘങ്ങൾക്കും ജില്ലാ ബാങ്ക് അനുവദിച്ചിട്ടുള്ള വായ്പയിലേക്ക് തട്ടിക്കിഴിക്കുവാനും പരിപാടിയുണ്ടോ ; | സഹകരണ സംഘങ്ങൾക്ക് അവരുടെ ജില്ലാ സഹകരണ ബാങ്കിലുള്ള അക്കൗണ്ടിലൂടെയാണ് നൽകി വരുന്നത്. ബാങ്കിലെ കടം തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന സംഘങ്ങളുടെ അക്കൗണ്ടിലേയ്ക്ക് തുക വരുമ്പോൾ സ്വാഭാവികമായും ഈ കടത്തിലേയ്ക്ക് തട്ടിക്കിഴിക്കാൻ ബാങ്കിന് അധികാരമുണ്ട്. |
| **(സി)** ഇപ്രകാരം ചെയ്യുന്നതു കൊണ്ടുള്ള ദോഷങ്ങൾ എന്തെല്ലാമാണ് ? | **(സി)** ഇപ്രകാരം ചെയ്യുന്നതു കൊണ്ട് കൈത്തറി സംഘങ്ങളുടെ പ്രവർത്തന മൂലധനം ഇല്ലാതാകുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

(തുക ലക്ഷത്തിൽ)

| | സംസ്ഥാന പദ്ധതികൾ | 2006-07 | 2007-08 | 2008-09 | 2009-10 |
|---|---|---|---|---|---|
| 1 | പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരിപങ്കാളിത്തം | 125.00 | 40.00 | 396.32 | 3.76 |
| 2 | വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി | 80.00 | 42.00 | 200.00 | 13.88 |
| 3. | പരിശീലന വൈദഗ്ധ്യ വികസന പരിപാടി | 40.00 | 20.00 | 79.24 | 56.35 |
| 4. | നെയ്ത്തുകാർക്ക് മേൽത്തരം അസംസ്കൃത വസ്തുക്കൾ | 399.12 | 80.00 | 255.85 | 80.00 |
| 5. | ഹാന്റക്സ്/ഹാൻവീവ് എന്നിവയ്ക്ക് ഓഹരി പങ്കാളിത്തം | 70.00 | 30.00 | 200.00 | |
| 6. | ഫാക്ടറി ടൈപ്പ് സംഘങ്ങളുടെ നവീകരണവും യന്ത്രത്തറികൾ സ്ഥാപിക്കലും | 100.00 | 14.98 | 239.33 | 16.43 |
| 7. | മിനിപ്രീലും പ്രോസസിംഗ് സെന്റർ സ്ഥാപിക്കൽ | 60.88 | 15.00 | 108.19 | 1.00 |
| 8. | സാങ്കേതിക വിദ്യയുടെ നിലവാരം ഉയർത്തലും കൈത്തറി നെയ്ത്തുകാർക്ക്/തൊഴിലാളികൾക്ക് സാങ്കേതിക വിദ്യയുടെ കൈമാറ്റവും. | 21.50 | 20.00 | 24.91 | 16.23 |
| 9. | ഹാന്റക്സിന്റെയും ഹാൻവീവിന്റെയും ആവശ്യാധിഷ്ഠിത ഉത്പാദനം | 50.00 | - | - | - |

| | | | | | |
|---|---|---|---|---|---|
| 10 | കലാപരമായ കൈത്തറി ഉൽപന്നങ്ങളുടെ ഉത്പാദനം. | 15.88 | - | - | - |
| 11 | ഉൽപന്ന വികസന വൈദഗ്ധ്യ ഉന്നമന പദ്ധതി | 10.00 | - | - | - |
| 12 | കൈത്തറി സഹകരണ സംഘങ്ങളെയും അപ്പക്സ് സംഘങ്ങളെയും പുനരുദ്ധരിക്കലും ശക്തിപ്പെടുത്തലും | - | 150.00 | 500.00 | 552.28. |
| 13. | ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് വിദഗ്ധ നെയ്ത്തുകാർക്ക് പ്രോത്സാഹനം | - | 50.00 | - | |
| 14. | കൈത്തറി വ്യവസായത്തിൽ പ്രാദേശിക ബ്രാന്റുകളുടെ വികസനം. | - | 100 | 10.00 | - |
| 15. | കൈത്തറി നെയ്ത്തുകാർക്ക് വൈദഗ്ധ്യം ഉയർത്തൽ പരിശീലനത്തിനായി നെയ്ത്തുകാർക്കുള്ള സേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ | | 65.00 | 25.00 | 25.00 |
| 16. | പ്രീ-ലൂം പ്രോസസ്സിംഗിൽ ഭാഗിക യന്ത്രവൽക്കരണം | - | - | 68.11 | 15.72 |
| 17 | അംശദായനമിതവ്യയഫണ്ട്. | 29.97 | - | 50.00 | |
| 18. | ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി | - | - | 7.87 | |
| 19 | സംസ്ഥാന റിബേറ്റ് | 300.00 | 600.00 | 1128.92 | 10.80. |
| | **കേന്ദ്ര പദ്ധതികൾ** | | | | |
| 20 | ദീൻ ദയാൽ ഹാത്കർഗ പ്രോത്സാഹൻ യോജന | 423.47 | 1841.32 | - | - |

| | | | | | |
|---|---|---|---|---|---|
| 21 | കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി(എം ജി ബി. ബി വൈ) | 3.93 | 11.44 | 10.75 | 4.72 |
| 22. | കേന്ദ്ര റിബേറ്റ് | 343.51 | 123.16 | 1047.11 | - |
| 23 | സമഗ്ര കൈത്തറി വികസന പദ്ധതി (ഐ.എച്ച്.ഡി.എസ്) | | | | |
| | എ. 300 മുതൽ 500 വരെ ലൂമേജ് ഉള്ള ക്ലസ്റ്ററുകളുടെ വികസനം | | | 124.37 | |
| | ബി. കൈത്തറിയുടെ വികസനത്തിന് ഗ്രൂപ്പ് സമീപനം | | | 154.17 | |
| | സി. കൈത്തറി സ്ഥാപനങ്ങൾക്ക് ധനസഹായം<br>ഡ) വിപണന പ്രോത്സാഹനം | | | 619.49 | 230.98 |
| | **ആകെ** | **2073.26** | **3202.90** | **5249.63** | **1027.15** |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 390

09.07.2009 ലെ മറുപടിയ്ക്ക്

**സൗരോർജ്ജ വ്യവസായ പാർക്കുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ചാഴികാടൻ<br>ശ്രീ.ജോസഫ് എം.പുതുശ്ശേരി<br>ശ്രീ.റോഷി അഗസ്റ്റിൻ | ശ്രീ.എളമരം കരീം<br>(ബഹു.വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സൗരോർജ്ജ വ്യവസായ പാർക്കുകൾ ആരംഭിക്കുവാൻ സർക്കാരിനു പദ്ധതിയുണ്ടോ;<br><br>(ബി) എങ്കിൽ എവിടെയൊക്കെയാണ് ഇത്തരം വ്യവസായ പാർക്കുകൾ ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്; | (എ) യും (ബി) യും: കിൻഫ്രയുടെ ആഭിമുഖ്യത്തിൽ പാലക്കാട് ഒരു സൗരോർജ്ജ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) ഈ പദ്ധതിക്ക് കേന്ദ്ര സർക്കാർ സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്രകോടി രൂപ ലഭിച്ചു; | (സി) പ്രസ്തുത പദ്ധതിയുടെ മുതൽമുടക്ക് ഏകദേശം 22 കോടി രൂപയായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയ്ക്ക് 10 കോടി രൂപ കേന്ദ്ര സഹായം ലഭിക്കുമെന്നാണ് കരുതുന്നത്. ഇതിനകം സാമ്പത്തിക സഹായമൊന്നും ലഭിച്ചിട്ടില്ല. |
| (ഡി) പ്രസ്തുത പദ്ധതി എന്ന് പ്രവർത്തന സജ്ജമാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) സംസ്ഥാനത്തെ ആദ്യത്തെ മാതൃകാ സൗരോർജ്ജ പ്ലാന്റ് ആയിട്ടാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഭരണാനുമതി ലഭിച്ചാൽ 20 മാസത്തിനകം പദ്ധതി പ്രവർത്തനം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

Rajesh

സെക്ഷൻ ഓഫീസർ